2015 സെപ്റ്റംബർ 28 | വാല്യം 08 | ലക്കം 18

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# സഭാസ്വത്തുക്കൾ സർക്കാർ ബോർഡിന് കീഴിലാക്കാൻ ശ്രമം: എതിർപ്പ് ശക്തം

**പ്രകാശ് പി. കോശി**

ആന്ധ്രപ്രദേശിൽ ക്രൈസ്തവ സഭകളുടെ സ്വത്തുക്കൾ ഗവൺമെന്റിന്റെ ബോർഡിനു കീഴിലാക്കാൻ ഉള്ള പദ്ധതി ആവിഷ്കരിക്കുന്നു. സഭാ സ്വത്തുക്കൾ വ്യക്തികൾ കയ്യേറി നഷ്ടപ്പെട്ട് പോകാതിരിക്കാനാണ് ഗവൺമെന്റ് ബോർഡ് രൂപീകരിക്കുന്നതെങ്കിലും, ഇത്തരം ഒരു നീക്കം സഭകളുടെ പ്രവർത്തനത്തിൽ ഗവൺമെന്റിന്റെ അനാവശ്യ ഇടപെടൽ ഉണ്ടാവാൻ കാരണമാകും എന്ന് ക്രൈസ്തവ നേതാക്കൾ ആരോപിക്കുന്നു. ഗവൺമെന്റിന്റെ ഈ നിർദ്ദേശത്തെ എതിർത്തുകൊണ്ട് ആന്ധ്രയിലെ സഭകളുടെ സംഘടനയായ ആന്ധ്രപ്രദേശ് ഫെഡറേഷൻ ഓഫ് ചർച്ചസ് (APFC) മുഖ്യമന്ത്രി ചന്ദ്ര ബാബു നായിഡുവിന് മെമ്മോറാണ്ടം സെപ്റ്റംബർ 12നു സമർപ്പിച്ചു. APFC യുടെ രണ്ടു നേതാക്കന്മാർ മുഖ്യമന്ത്രിയെ കണ്ട് തങ്ങളുടെ ആശങ്കകൾ പ്രകടിപ്പിച്ചു. മുഖ്യമന്ത്രി ന്യൂനപക്ഷത്തിനുവേണ്ടി ചെയ്യുന്ന സേവനങ്ങൾക്ക് APFC നന്ദി പറഞ്ഞു. സഭയുടെ സ്വത്തുക്കൾ സാധാരണയായി വ്യക്തിഗതമല്ലെന്നും, ഒരോ സഭാ വിഭാഗങ്ങളും വസ്തുക്കൾ വാങ്ങി തങ്ങളുടെ സഭാ ട്രസ്റ്റുകൾക്ക് വേണ്ടി രജിസ്റ്റർ ചെയ്യുകയാണെന്നും പ്രതിനിധികൾ പറഞ്ഞു. സഭാ സ്വത്തുക്കൾ വഖഫ് ബോർഡിന്റെയോ ദേവസ്വത്തിന്റെയോ രീതിയിൽ അല്ല കൈകാര്യം ചെയ്യപ്പെടുന്നത് എന്ന് പ്രതിനിധികൾ പറഞ്ഞു. AP സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്താണ് സഭകളും ട്രസ്റ്റുകളും പ്രവർത്തിക്കുന്നത് എന്നും അതുകൊണ്ട് തന്നെ സർക്കാർ നിയമങ്ങൾക്ക് കീഴിലാണ് ഇവ ഉൾപ്പെടുന്നത് എന്നും പ്രതിനിധികൾ മുഖ്യമന്ത്രിയോട് പറഞ്ഞു.

സഭാ പ്രവർത്തനങ്ങളിൽ ഗവൺമെന്റിന്റെ ഒരു ഇടപെടലും അനുവദിക്കാൻ കഴിയില്ല എന്ന് മെമ്മോറാണ്ടത്തിൽ പറയുന്നു. ഭരണഘടന സഭകൾക്കും സഭാ അംഗങ്ങൾക്കും സ്വത്തുക്കൾ കൈകാര്യം ചെയ്യുവാൻ അംഗീകാരം നൽകിയിട്ടുണ്ട്. സഭാ സ്വത്തുക്കൾക്കായി പ്രത്യേക ബോർഡ് രൂപീകരിക്കാൻ താല്പര്യം ഇല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. പകരം ഒരു ഗവൺമെന്റ് കമ്മിറ്റി രൂപീകരിച്ച് സഭകളുടെ സ്വത്ത് പ്രശ്നങ്ങളും തർക്കങ്ങളും പരിഹരിക്കും എന്ന് മുഖ്യമന്ത്രി APFC ക്കും ഉറപ്പുകൊടുത്തു.

**എന്തുകൊണ്ട് ആന്ധ്രാ ഗവൺമെന്റ് ബോർഡ് രൂപീകരണത്തിന് ശ്രമിച്ചു**

ആന്ധ്രായിലെ ഏകദേശം 40–ഓളം കേസുകളാണ് സഭാ ഭൂമി അന്യാധീനപ്പെട്ടതു സംബന്ധിച്ച് കോടതികളിൽ ഉള്ളത്. സഭാ സ്വത്തുക്കൾ ഭൂമാഫിയക്ക് ചുരുങ്ങിയ വിലക്ക് വിൽക്കുന്ന സംഭവങ്ങൾ ഏറെയാണ്. സഭാ ഭൂമികളിൽ ഷോപ്പിംഗ് കോംപ്ലക്സ്, മാളുകൾ, കട

04

## പ്രസ്താവന

ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യുവിന്റെ ഭവനത്തിൽ അതിക്രമിച്ച് കയറി നാലംഗ സംഘം വധിക്കുമെന്ന് ഭീഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ പാസ്റ്റർ പി. സി. ചെറിയാൻ തന്റെ ഭാഗത്ത് നിന്ന് ഉണ്ടായ വീഴ്ചകൾ അംഗീകരിച്ച് ക്രമീകരണം വരുത്തിയിരിക്കുന്നു. ബിലീവേഴ്സ് ജേണൽ വൈസ് ചെയർമാൻ ബ്രദർ വിൽസൺ ജോർജ്ജിന്റെ (ഷാർജ) സാന്നിധ്യത്തിൽ നടന്ന മധ്യസ്ഥ ചർച്ചയിലാണ് പാസ്റ്റർ പി. സി. ചെറിയാൻ ഇതു സംബന്ധമായ കാര്യങ്ങൾ ക്രമീകരിച്ചത്. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് ഉള്ള എല്ലാ നിയമനടപടികളും വിവാദങ്ങളും വാർത്തകളും ഇവിടെ അവസാനിപ്പിക്കുന്നു.

ഈ വിഷയത്തിൽ ജേണലിനുവേണ്ടി പ്രാർത്ഥിക്കുകയും പിന്തുണ നൽകുകയും ചെയ്ത എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി!

ബ്രദർ രാജൻ ആര്യപ്പള്ളിൽ (ചെയർമാൻ)
ബ്രദർ വിൽസൺ ജോർജ്ജ് (വൈസ് ചെയർമാൻ)

## സ്കൂൾ ഓഫ് ജേർണലിസം ഉത്ഘാടനം ഒക്ടോബർ 5ന്


ഡോ. പോൾ മണലിൽ


പാസ്റ്റർ കെ. സി. ജോൺ


പാസ്റ്റർ പി. ജെ. ജെയിംസ്


പാസ്റ്റർ പി. ജി. മാത്യൂസ്

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടെയും പ്രസാധകരുടെയും വേദിയായ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് സ്കൂൾ ഓഫ് ജേർണലിസം ആരംഭിക്കുന്നു. സഭയുടെ ആത്മീകവും സാസ്കാരികവുമായ വളർച്ചയ്ക്ക് എഴുത്ത്, വായന, അവലോകനം, ബോധവത്കരണം ഇവ വളർത്തിയെടുക്കുക, എഴുതാൻ വാസന ഉള്ളവരെ രൂപപ്പെടുത്തുക, പത്രപ്രവർത്തനത്തിലെ ക്രീയാത്മകവും ധാർമികവുമായ തത്വങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക ഇവ ലക്ഷ്യമാക്കി ആരംഭിക്കുന്ന ഈ ഹ്രസ്വകാല കോഴ്സിന്റെ ഉത്ഘാടനം ഒക്ടോബർ 5 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30–ന് കുമ്പനാട് ചർച്ച് ഓഫ് ഗോഡ് സഭാ ഹാളിൽ വെച്ച് നടക്കും.

പ്രസിഡന്റ് പാസ്റ്റർ പി.ജി. മാത്യൂസ് അദ്ധ്യ

05

## കൺവൻഷൻ സ്റ്റേഡിയം പണയപ്പെടുത്തിയത് ഓവർസിയറുടെ അറിവോടെയെന്ന് വെളിപ്പെടുത്തൽ


ജോസഫ് ടി. സാം


തോമസ് ജോൺ



**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജീയന്റെ കൺവൻഷൻ സ്റ്റേഡിയം മുൻ ഓവർസിയർ തോമസ് ജോൺ പണയപ്പെടുത്തിയത് ഇപ്പോഴത്തെ ഓവർസിയർ പാസ്റ്റർ ജോസഫ് ടി. സാമിന്റെ അറിവോടുകൂടിയാണെന്ന പുതിയ വെളിപ്പെടുത്തലുമായി ഒരു വിഭാഗം രംഗത്ത് എത്തി. 11/09/2008–ൽ കൂടിയ ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ ഒപ്പിട്ട കത്തും മിനിട്ട്സും മാധ്യമങ്ങൾക്ക് ലഭിച്ചു.

18/04/2009–ൽ അന്നത്തെ ഓവർസിയർ ആയിരുന്ന പാസ്റ്റർ തോമസ് ജോൺ, പുളിങ്കുന്ന് സ്വദേശിയായ റാണി മാത്യുവിന്റെ കൈയിൽ നിന്നും 42 ലക്ഷം രൂപ കൈപ്പറ്റിയാണ് 1.76 ഏക്കർ വരുന്ന കൺവൻഷൻ സ്റ്റേഡിയം പണയപ്പെടുത്തിയത്. 4,50,000 രൂപ വെച്ച് വില പറഞ്ഞൊപ്പിച്ചാണ് കച്ചവടം നടത്തിയത്. പലിശ അടക്കം എഴുപതുലക്ഷം രൂപ കൊടുത്ത് സ്റ്റേഡിയം തിരികെ എടുക്കാൻ ശ്രമം നടത്തിയിരുന്നു. പണം നൽകാനും ഒരു സഭാവിശ്വാസി തയ്യാറായിരുന്നു. സ്റ്റേഡിയം മറിച്ചു വിറ്റത് വിവാദമായതിനെത്തുടർന്ന് തോമസ് ജോണിനെ വേൾഡ് മിഷൻ പുറത്താക്കി. പകരം പാസ്റ്റർ കെ. സി. ജോണിനെ കെയർ ടേക്കർ ഓവർസിയറാക്കി. പാസ്റ്റർ കെ. സി. ജോണും മറ്റ് ചില സഹോദരന്മാരും വാദി ചേർന്ന് കോട്ടയം സബ് കോടതിയിൽ കേസ് ഫയൽ ചെയ്തു. ഈ കേസ് വിചാരണയ്ക്കായി മാറ്റിവെച്ചിരിക്കുകയാണ്.

04

## സാക്ഷി



ഫയർവിംഗ്സ് പാസ്റ്ററുടെ ഭാര്യയുടെ മരണത്തിൽ ദുരൂഹത

– **വാർത്ത**

*ഇവരുടെ എല്ലാ പ്രവർത്തികളിലും ശുശ്രൂഷകളിലും ദുരൂഹത ആണല്ലോ.*

## ഹെബ്രോൻപുരം വീണ്ടും പ്രക്ഷുബ്ദമാകുന്നു

**കുമ്പനാട്:** ഇടവേളയ്ക്കുശേഷം ഹെബ്രോൻപുരം വീണ്ടും പ്രക്ഷുബ്ദമാകുന്നു. സെപ്റ്റംബർ 7,8,9 തീയതികളിൽ ഭരണഘടനാ ഭേദഗതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ വിളിച്ചുകൂട്ടിയ ജനറൽ കൗൺസിലിലും ജനറൽ പ്രസ്ബിറ്ററിയിലുമാണ് നാടകീയമായ സംഭവങ്ങൾ അരങ്ങേറിയത്. പ്രസ്തുത കൗൺസിലിൽ മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥപോലെ ഒരു വിഭാഗം ആളുകൾ ബഹളം വെച്ചതിനെത്തുടർന്ന് കൗൺസിൽ നിർത്തിവെച്ചു. ജനറൽ കൗൺസിൽ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നേരത്തെ ആക്കാനുള്ള ചിലരുടെ ആസൂത്രിതമായ നീക്കം എതിർവിഭാഗത്തിന്റെ സമർത്ഥമായ ഇടപെടലിലൂടെ പൊളിഞ്ഞു. ജനറൽ കൗൺസിലിന്റെ തീരുമാനപ്രകാരം ജനറൽ പ്രസിഡന്റ് 11–ാം തീയതി വിളിച്ചുകൂട്ടിയ ജനറൽ പ്രസ്ബിറ്ററിയിലാണ് വിശുദ്ധസ്ഥലത്ത് നടക്കാൻ പാടില്ലാത്ത തരംതാണ രംഗങ്ങൾക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നത്. മഹത്തായ ഒരു പ്രസ്ഥാനത്തിന്റെ ഉന്നത അധികാര സമിതിയുടെ ഫ്ളോറിലും വെളിയിലുമായി നടമാടിയത് ബീഹാറിലെ നിയമസഭയിൽ നടത്തുന്ന ലജ്ജിപ്പിക്കുന്ന തരത്തിലുള്ള സംഭവങ്ങളാണ്.

ക്രാന്തദർശികളായ നേതാക്കന്മാർ ദാർശനികമായ നേതൃത്വം നൽകിയ ഭാരതത്തിലെ ഏറ്റവും വലിയ സുവിശേഷ വിഹിത സഭയുടെ നേതൃത്വത്തിന്റെ പിടിപ്പുകേടും ബൗദ്ധീക പാപ്പരത്വവും വെളിവാക്കുന്നതായിരുന്നു ആസ്ഥാനത്ത് അരങ്ങേറിയ സംഭവങ്ങൾ. പാസ്റ്റർ കെ. പി. കുര്യന്റെ പ്രശ്നം ചർച്ച ചെയ്യുക എന്ന അജണ്ടയുടെ അടിസ്ഥാനത്തിലായിരുന്നു ജനറൽ പ്രസ്ബിറ്ററി വിളിച്ചുകൂട്ടിയത്. ഇതിനുവേണ്ടി ആജ്ഞാനുസരണം കത്ത് ലഭിച്ച പാസ്റ്റർ കെ. പി. കുര്യൻ ജനറൽ പ്രസ്ബിറ്ററിയുടെ മുമ്പാകെ ഹാജരാകാൻ എത്തിയിരുന്നു. എന്നാൽ അജണ്ട ചർച്ച ചെയ്യാതെ പ്രസ്ബിറ്ററി മാറ്റിവെയ്ക്കാൻ തീരുമാനിക്കുകയായിരുന്നു. നോട്ടീസ് കൈപ്പറ്റി വന്നവരോട് പ്രശ്നം ചർച്ച ചെയ്യാതെ വിഷയത്തിൽ ജനറൽ പ്രസിഡന്റ് കരണം മറിയുകയായിരുന്നു. വാടാ പോടാ വിളികളാൽ മുഖരിതമായ സഭാകേന്ദ്രം ട്രേഡ് യൂണിയൻ ഓഫീസിനെക്കാൾ തരംതാണു. ഇതിനിടയിൽ പോലീസ് സ്ഥലത്തെത്തിയതും കൂടുതൽ നാണക്കേടായി മാറി.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും യു. കെ., യു. എസ്. എ., ആസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്നും കൗൺസിലിൽ പങ്കെടുക്കുവാൻ എത്തിയ ദൈവദാ

04

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# ഹെബ്രോൻപുരത്ത് നടന്നത് ലജ്ജാകരം


ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമാണ് 7000ത്തിലധികം പ്രാദേശിക സഭകളുള്ള ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭ. ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ പിതാക്കന്മാർ വളർത്തിയെടുത്ത ഈ പ്രസ്ഥാനം ഇന്ന് എവിടെയെത്തി നിൽക്കുന്നു എന്ന സ്വയം വിമർശനപരമായ ചോദ്യമാണ് ഇവിടെ ഉയർത്തുന്നത്. ഐ. പി. സി. എന്ന പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തിൽ നിന്ന് മാറിയുള്ള പോക്കാണ് ഇന്ന് നേതൃത്വത്തിൽ നിന്ന് ഉണ്ടാകുന്നത്. പൊതുസമൂഹത്തിനു മുമ്പിൽ തല താഴ്ത്തേണ്ട സംഭവങ്ങളാണ് കുമ്പനാട് ഹെബ്രോൻപുരത്ത് അരങ്ങേറുന്നത്. അവരവർ വഹിക്കുന്ന സ്ഥാനത്തിന്റെ വില മനസ്സിലാക്കാതെ തരംതാണ നിലയിൽ പ്രവർത്തിക്കുന്ന നേതാക്കന്മാരെ ഓർത്ത് സാധാരണ വിശ്വാസികളും ശുശ്രൂഷകരും ദുഃഖിക്കുകയാണ്. അധികാരം തലയ്ക്ക് പിടിച്ച ഒരു കൂട്ടം കാണിച്ചുകൂട്ടുന്നത് അവർക്ക് ലജ്ജ തോന്നുന്നില്ലെങ്കിലും കാഴ്ചക്കാർ ലജ്ജിക്കുന്നു. ഇത്രയും തരംതാഴുവാൻ ആത്മീയ നേതാക്കന്മാർക്ക് എങ്ങനെ കഴിയുന്നു എന്നത് അതിശയമാണ്.

കഴിഞ്ഞ ദിവസം കൗൺസിൽ മീറ്റിംഗിനും പ്രസ്ബിറ്ററി മീറ്റിംഗിനും അനുബന്ധമായി നടന്ന കാര്യങ്ങൾ ഒട്ടും ഭൂഷണമല്ല. എല്ലാവരും നിയമത്തിന് വിധേയരാണെന്ന ചിന്ത ഭരണകർത്താക്കൾക്കുണ്ടാകണം. സഭയുടെ ഭരണഘടനയെക്കുറിച്ചും ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുമുള്ള അറിവ് കുറഞ്ഞ പക്ഷം എക്സിക്യൂട്ടീവിൽ ഉള്ളവർക്കെങ്കിലും ഉണ്ടാകണം. നിയമത്തെ വെല്ലുവിളിച്ചും മറികടന്നുമുള്ള ഭരണം സഭയെ കൂടുതൽ കുഴപ്പത്തിൽ എത്തിക്കുകയേ ഉള്ളൂ. ഇന്നു നടക്കുന്ന കോടതിവ്യവഹാരങ്ങൾക്ക് കാരണം നേതൃത്വത്തിൽ എത്തിയവരുടെ പിടിപ്പുകേടും നിയമലംഘനവുമാണ്. പ്രശ്നങ്ങൾ പരിഹരിക്കേണ്ടവർ തന്നെ പക്ഷം പിടിക്കുകയും പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമ്പോൾ സാധാരണക്കാർ അമ്പരന്നു നിൽക്കുകയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജനറൽ കൗൺസിലിലും ജനറൽ പ്രസ്ബിറ്ററിയിലും പങ്കെടുക്കുവാൻ പതിനായിരക്കണക്കിനുരൂപ സ്വന്തം പോക്കറ്റിൽ നിന്ന് മുടക്കിയാണ് അംഗങ്ങൾ കുമ്പനാട്ട് എത്തിയത്. എന്നാൽ ചില സ്വാർത്ഥ താല്പര്യങ്ങൾ മുൻനിർത്തി നിരുത്തരവാദിത്വപരമായി സമ്മേളനം പിരിച്ചുവിടുകയായിരുന്നു. തങ്ങളുടെ പണവും സമയവും ചെലവഴിച്ച് കുമ്പനാട്ടെത്തിയവരെ അവഹേളിക്കുന്ന ഇത്തരം സമീപനം കൊണ്ട് എന്ത് നേട്ടമാണ് പ്രസ്ഥാനത്തിനുള്ളത്.

സഭയിൽ കീറാമുട്ടിയായി നില നിൽക്കുന്ന ആമല്ലൂർ സഭാവിഷയം പരിഹരിക്കപ്പെടാത്ത കാലത്തോളം സഭയുടെ സുഗമമായ നടത്തിപ്പ് സാധ്യമാകയില്ല. മുൻവിധി കൂടാതെയും പ്രതികാര ചിന്തകൂടാതെയും വിവേകശാലികളായ ആളുകളുടെ മധ്യസ്ഥതയ്ക്ക് ഈ വിഷയം വിട്ടിരുന്നെങ്കിൽ പരിഹാരം മുമ്പെ തന്നെ ഉണ്ടാകുമായിരുന്നു. തകർക്കുവാൻ ഒരു കൂട്ടരും തകർക്കപ്പെടാതിരിക്കുവാൻ മറുപക്ഷവും കൊമ്പുകോർക്കുമ്പോൾ പ്രസ്ഥാനത്തിന്റെ സമാധാന അന്തരീക്ഷമാണ് നഷ്ടപ്പെടുന്നത്. ഹെബ്രോൻപുരത്ത് പ്രസ്ബിറ്ററി മീറ്റിംഗ് ദിനത്തിൽ ഉയർന്നുകേട്ട വെല്ലുവിളികളും ആക്രോശങ്ങളും അസഭ്യങ്ങളുമെല്ലാം ഒരു ആത്മീയ പ്രസ്ഥാനത്തിന് യോജിച്ചതല്ല. കൈയ്യാങ്കളിയിൽ എത്തുമോ എന്ന ആശങ്ക ഉയർന്നുനിന്ന അന്തരീക്ഷത്തിൽ അത് ഒഴിവായത് ഭാഗ്യം. പോലീസ് ഹെബ്രോൻപുരത്ത് വരേണ്ടി വന്ന സാഹചര്യം എത്രയോ ലജ്ജാകരമാണ്. കുമ്പനാട്ട് നടന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നവമാധ്യമങ്ങളിൽ വൈറൽ ആയി കഴിഞ്ഞു. ഇത് ചർച്ച ചെയ്യുന്നത് യുവസമൂഹമാണ്. നേതാക്കന്മാരെപ്പറ്റി അവരുടെ കാഴ്ചപ്പാട് എന്താണെന്ന് അവരെഴുതുന്ന കമന്റുകളിൽ കാണാം. ഇത്രയൊക്കെ നടന്നിട്ടും കണ്ണുതുറക്കപ്പെടാത്ത നമ്മുടെ നേതാക്കന്മാരെക്കുറിച്ച് എന്തുപറയാൻ. ഇത് ഒരു വ്യക്തിയുടെ മാത്രം ഉത്തരവാദിത്വമോ വീഴ്ചയോ ആയി കരുതുന്നില്ല. ഇതിന് കൂട്ടുത്തരവാദിത്വമാണ് ഉള്ളത്. അവരവർ ഇരിക്കുന്ന കസേരയുടെ മഹത്വം തിരിച്ചറിഞ്ഞ് ദൈവമഹത്വത്തിനായി പ്രവർത്തിക്കുക. അല്ലായെങ്കിൽ ചരിത്രത്തിൽ നിങ്ങളുടെ സ്ഥാനം ചവറ്റുകൊട്ടയിലായിരിക്കും.

യുവജന പംക്തി

# വസ്ത്രധാരണം യോഗ്യമാകട്ടെ


ബിനു ജോസഫ്
വടശ്ശേരിക്കര

വസ്ത്രങ്ങൾ എന്നും സംസ്കാരത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടുന്നു. ഓരോ രാജ്യത്തിനും ഓരോ കാലാവസ്ഥയ്ക്കും അനുയോജ്യമായ വസ്ത്രങ്ങൾ സാമൂഹിക നിലവാരത്തെയും ജനങ്ങളുടെ ജീവിത രീതിയെയും വിളിച്ചറിയിക്കുന്നു. വസ്ത്രത്തിന്റെ ആവശ്യം തന്നെ ഉല്പത്തി പുസ്തകത്തിൽ കാണാം. ആദാം-ഹവ്വ ദമ്പതികൾക്ക് ദൈവമാണ് നഗ്നത മറയ്ക്കുവാനായി വസ്ത്രം ഉണ്ടാക്കി നൽകിയത്. വസ്ത്രത്തിന്റെ പ്രഥമ ലക്ഷ്യം നഗ്നത മറയ്ക്കുക എന്നതാണ്. ആദിമ കാലഘട്ടങ്ങളിൽ സ്ത്രീക്കും പുരുഷനും വ്യത്യസ്ത വസ്ത്രങ്ങൾ ഉണ്ടായിരുന്നു എന്നതു ബൈബിൾ പ്രതിപാദിക്കുന്നു.

**വസ്ത്രധാരണം നന്നായാൽ**

വസ്ത്രധാരണം വ്യക്തിത്വത്തിന്റെ അളവുകോൽ ഒരാളുടെ സ്വഭാവം, ചിട്ട തുടങ്ങിയ കാര്യങ്ങൾ വസ്ത്രധാരണത്തിലൂടെ തിരിച്ചറിയാം. എല്ലാവർക്കും നല്ല വസ്ത്രങ്ങൾ ധരിക്കുവാനാണ് ഇഷ്ടം. എന്നാൽ നാം ധരിക്കുന്ന വസ്ത്രങ്ങൾ എല്ലാം തന്നെ വസ്ത്രധാരണത്തിന്റെ പ്രഥമ ലക്ഷ്യം നിറവേറ്റണം. അതായത് ഒരാളുടെ ശരീരത്തിന്റെ നഗ്നത മറക്കുവാനാണ് വസ്ത്രം കൊണ്ടുദ്ദേശിക്കുന്നത്.

“1തിമൊ:2:8 മുതൽ പൗലോസ്, പുരുഷന്മാർ കോപവും വാഗ്വാദവും ഉപേക്ഷിക്കുവാൻ ആഹ്വാനം ചെയ്യുമ്പോൾ സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിക്കുവാൻ ഉത്സാഹിപ്പിക്കുന്നു”



ഇന്നത്തെ പലരുടെയും വസ്ത്രധാരണം പ്രഥമലക്ഷ്യം നിറവേറ്റാത്തവയാണ്. നഗ്നത പ്രദർശിപ്പിക്കുവാനുള്ള ഒരു ഉപാധിയായി വസ്ത്രധാരണം തരംതാണിരിക്കുന്നു. ആദാമിനും ഹവ്വയ്ക്കും പണ്ടുണ്ടായ തിരിച്ചറിവ് ഇന്നത്തെ പലർക്കും ഇല്ല. ദൈവശബ്ദം കേട്ടപ്പോൾ തങ്ങൾ നഗ്നരാണെന്ന ബോധ്യം അവർക്കുണ്ടായി ഇന്നു പലർക്കും ഇതില്ല.

ലോവെയിസ്റ്റ് പാന്റും(Low Weist pants), ലെഗിൻസും (Legins) എല്ലാം ഇന്നത്തെ ഫാഷനുകളുടെ ഭാഗമായിരിക്കുന്നു. ചാനലുകളിലും, ടി.വി ഷോയിലും അരങ്ങു തകർക്കുന്ന അൽപ വസ്ത്രധാരികളെ മാതൃകയാകുന്നവരുടെ എണ്ണവും കൂടുതലാണ്.

ഇത്തരം സമൂഹത്തിൽ നമ്മുടെ യുവതീ- യുവാക്കൾ മാതൃകയാക്കേണ്ടത് ദൈവവചനമാണ്. ‘നാടോടുമ്പോൾ നടുവേ ഓടുക’ എന്നത് നമ്മുക്കുചിതമല്ല.

**വസ്ത്രങ്ങൾ തിരഞ്ഞെടുക്കുമ്പോൾ**

* വസ്ത്രങ്ങൾ തിരഞ്ഞെടുക്കുമ്പോൾ സാമൂഹിക മാനദണ്ഡം പാലിക്കുന്നത് ഉപയോഗിക്കുക
* ആത്മീക ഭാഷയിൽ പറഞ്ഞാൽ യോഗ്യമായത് മാത്രം ഉപയോഗിക്കുക
* ഇടുന്ന വസ്ത്രങ്ങളിലെ എഴുത്തുകൾ ശ്രദ്ധയോടെ വായിക്കുക. കഴിഞ്ഞ ദിവസം ഞാൻ കണ്ട ഒരു വ്യക്തിയുടെ റ്റി-ഷർട്ടിലെ എഴുത്ത് "Catch me if you can" എന്നായിരുന്നു. കഴിയുമെങ്കിൽ എന്നെ കടന്നു പിടിക്കുക എന്ന ഒരു വെല്ലുവിളി. ഇത് ഒരു പക്ഷെ ഒരു അപേക്ഷയായി കരുതി കയറി പിടിക്കുന്നവർ കാണാം. ഇടുന്ന വസ്ത്രങ്ങളിലെ എഴുത്ത്. ചിത്രങ്ങൾ ഇവ മാതാപിതാക്കളും ശ്രദ്ധിക്കുക.
* കാലാവസ്ഥക്ക് അനുയോജ്യമായ വസ്ത്രങ്ങൾ ഉപയോഗിക്കു
* വസ്ത്രധാരണത്തിൽ മാതാപിതാക്കൾ മാന്യത പുലർത്തുക
* ചെറുപ്രായത്തിൽ തന്നെ വസ്ത്രം തിരഞ്ഞെടുക്കേണ്ടത് കുഞ്ഞുങ്ങളെ പഠിപ്പിക്കുക. മാന്യമായ വസ്ത്രം ധരിക്കാൻ ഉത്സാഹിപ്പിക്കുക.ഒരു പക്ഷെ കേരളവും അമേരിക്കൻ വസ്ത്രധാരണ രീതികളെ പ്രോത്സാഹിപ്പിക്കുന്നുവേ എന്ന് തോന്നി പോകുന്നു.
* ഈ കഴിഞ്ഞ ഓണക്കാലത്ത് ‘കവല ചട്ടമ്പികളെ’ പോലെ മുണ്ടുമടക്കി കുത്തി കറുത്ത ഷർട്ട് ധരിച്ച് തെരുവിലിറങ്ങിയ കേരളത്തിന്റെ പെൺകുട്ടികളെ പലരും മാധ്യമങ്ങളിൽ കണ്ടതാണ്. സിനിമകളും സീരിയലുകളും സമൂഹത്തിന്റെ സംസ്കാരമായി മാറുമ്പോൾ ആത്മീകരായ കുഞ്ഞുങ്ങൾ ശ്രദ്ധിക്കുക.
* ആരാധനകളിൽ ധരിക്കുന്ന വസ്ത്രങ്ങൾ ഒരല്പം ശ്രദ്ധിച്ചാൽ നന്ന്. ഫാഷൻ പരേഡിനുള്ള സ്ഥലമല്ല ആരാധന എന്നത് മറക്കരുത്.
* പുരുഷന്റെയും സ്ത്രീയുടെയും മനോവികാരങ്ങളുടെ നില വ്യത്യസ്തമായതിനാൽ സ്ത്രീകൾ മാന്യമായ വസ്ത്രധാരണത്തിന് പ്രത്യേകം ശ്രദ്ധിക്കണം.
* എനിക്കിഷ്ടമുള്ളതല്ലേ ഞാൻ ധരിക്കേണ്ടത്, ഞാൻ ആയിരിക്കുന്ന സമൂഹത്തിനും സംസ്കാരത്തിനും യോജ്യമായത് ആകണം. ദാനീയേലും, ശദ്രക്കും, മേശക്കും, അബേദ്നഗോ എന്നിവരുടെ ജീവിത രീതിയെ സംസ്കാരവും കൊട്ടാരവും ബാധിച്ചില്ല എന്നതും മറക്കരുത്.

**കുറിപ്പ്:** കൊച്ചി രൂപതയിലെ തിരുമേനി ഇടയലേഖനം ഇറക്കി **“വിശ്വാസികൾ മാന്യമായ വസ്ത്രം ധരിച്ച് പള്ളിയിൽ ആരാധനയിൽ പങ്കെടുക്കണം എന്ന്”** നമ്മുടെ സഭകളിലും ഇത് ആവശ്യമായി വരുമോ? കുടുംബങ്ങൾ ദൈവകേന്ദ്രീകൃതമാകണം

# മകളുടെ മരണത്തിൽ ദുരൂഹതയെന്ന് മാതാവ്

## അന്വേഷണം ഊർജ്ജിതമാക്കണമെന്ന് പരാതി



**കൊല്ലം:** ഭർതൃഗൃഹത്തിൽ മകൾ ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തെക്കുറിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാതാവ് രംഗത്ത് എത്തി. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും പൊലീസിലും പരാതി നൽകിയിട്ടും അന്വേഷണം മന്ദഗതിയിലാണെന്ന് അമ്മ ഷീബ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ആഗസ്റ്റ് 15- ശനിയാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് മകൾ രേഷ്മ (26)യെ ഭർത്താവ് പാസ്റ്റർ ബിനോയി ബാബുവിന്റെ കൊട്ടാരക്കര നെല്ലിക്കുന്നത്തെ പഴയവിള വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. നെല്ലിക്കുന്നം സ്വദേശിയും, ദുരുപദേശ സംഘടനയായ ഫയർ വിംഗ്സിന്റെ പ്രവർത്തകനുമായ ബിനോയി കൊട്ടാരക്കരയുടെ സഹധർമ്മണിയായിരുന്നു രേഷ്മ. ഇവർക്ക് രണ്ടും മൂന്നും വയസ്സുള്ള രണ്ട് പിഞ്ചു കുഞ്ഞുങ്ങൾ ഉണ്ട്. രേഷ്മയുടെ മരണത്തിൽ ബന്ധുക്കൾക്ക് പരാതിയില്ല എന്നാണ് തുടക്കത്തിൽ ഫയർ വിംഗ്സിന്റെ പ്രവർത്തകർ പ്രചരിപ്പിച്ചിരുന്നത്.

എന്നാൽ തികഞ്ഞ ദൈവഭക്തയും ആത്മീയ ജീവിതത്തിന് ഉടമയുമായ രേഷ്മയുടെ മരണത്തിൽ സ്ഥലവാസികളും ബന്ധുക്കളും ദുരൂഹത പ്രകടിപ്പിക്കുകയായിരുന്നു. മരണത്തിൽ ദുരൂഹതയുണ്ടെന്ന് ചൂണ്ടികാട്ടി അന്നുതന്നെ കൊട്ടാരക്കര റൂറൽ എസ്പിക്കു പരാതി നൽകി. ഇതുവരെയും പോസ്റ്റ്മാർട്ടം റിപ്പോർട്ട് കൊടുക്കുവാനും അധികാരികൾ തയ്യാറായിട്ടില്ല എന്നാണ് അറിയുന്നത്. ഉന്നതമായ സ്വാധീനം മൂലം ആത്മഹത്യയാണെന്ന് വരുത്തി തീർക്കാനാണ് പോലിസ് ശ്രമമെന്ന് ബന്ധുക്കൾ ആരോപിക്കുന്നു. സംസ്കാരം നടന്ന 17-നു തന്നെ കൊല്ലം എസ്പിക്കു പരാതി നൽകി അതിൽ നടപടി ഉണ്ടാകാത്തതിനാൽ. പിന്നീട് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയ്ക്കും മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കും വനിതാ കമ്മീഷനും പരാതി നൽകി.

ഫയർ വിംഗ്സിനുള്ള ഉന്നത രാഷ്ട്രീയ സാമുദായിക ബന്ധങ്ങളിൽ കേസ് അന്വേഷണം അട്ടിമറിക്കുകയാണെന്ന് ഷീബ പറഞ്ഞു. ഒരു പെൺകുട്ടി കല്യാണം കഴിഞ്ഞ് ഏഴ് കൊല്ലം ആകുന്നതിന് മുന്നമെ ദുരൂഹ സാഹചര്യത്തിൽ മരിച്ചാൽ മൃതദേഹം തഹസിൽദാരുടെയോ അല്ലെങ്കിൽ എക്സിക്യൂട്ടിവ് മജിസ്ട്രേറ്റിന്റെയോ സന്നിധ്യത്തിൽ വേണം മേൽ നടപടി സ്വീകരിക്കുവാൻ എന്ന് നിയമം അനുശാസിക്കുന്നു. പെൺകുട്ടിയുടെ മാതാവോ പിതാവോ ഗാർഹിക പീഡനം മൂലമാണ് പെൺകുട്ടി മരിച്ചതെന്ന് പരാതിപ്പെട്ടാൽ ഇന്ത്യൻ ശിക്ഷാ നിയമം 302-ാം വകുപ്പ് അസനുസരിച്ച് ഭർത്താവിനെ കസ്റ്റഡയിൽ എടുക്കണമെന്നാണ് നിയമം ഇതൊന്നും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. 2012-ലായിരുന്നു ഇവരുടെ വിവാഹം. ഉന്നതരുമായി ബന്ധമുള്ള ബിനോയി ഈ കേസ് ഒതുക്കി തീർക്കാൻ പരമാവധി ശ്രമിക്കുന്നുണ്ടെന്നാണ് രേഷ്മയുടെ ബന്ധുക്കളുടെ പക്ഷം. അതു ശരിവയ്ക്കുന്ന പ്രതികരണമാണ് പൊലീസും നടത്തുന്നത്. ബിനോയിയെ ചോദ്യം ചെയ്യാൻ പൊലീസ് തയ്യറാകാത്തതാണ് ഈ സംശയം ബലപ്പെടുത്തുന്നത്.






വേദ പഠനം

# ഇടയ ലേഖനങ്ങൾ

## (The Pastoral Epistles)

– തുടർച്ച–




എഡിസൺ തോമസ്
വേങ്ങൂർ, 9961336353


ദൈവസഭയെ ഭരിക്കുവാൻ വേണ്ടി നിയോഗിക്കപ്പെട്ടവരാണ് ശുശ്രൂഷകന്മാർ എന്നാണ്. “അവൻ ചിലരെ അപ്പോസ്തലന്മാരെയും ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും.... എഫെ:4:11. ആത്മീക കാര്യങ്ങളോടുള്ള ബന്ധത്തിൽ ശുശ്രൂഷകന്മാരെ പല പേരിലാണ് അറിയപ്പെടുന്നത്.

ഒന്നാമതായി ശുശ്രൂഷകൻ- ഈ പദം ഗ്രീക്കിലെ ഡിയാക്കൊനോസ് എന്ന പദത്തിൽ നിന്നും കടന്നുവന്നതാണ്. ഇതിന്റെ ആശയം ഭക്ഷണസാധനങ്ങൾ തയ്യാറാക്കുകയും അവ മേശയിൽ വിളമ്പുകയും ചെയ്യുന്ന ജോലിക്കാരൻ എന്നാണ് ലൂക്കോ:12:37, 17:8, ഈ വാക്കിനെ അപഗ്രഥിച്ചാൽ ശിഷ്യത്വത്തിന്റെയും ശുശ്രൂഷയുടെയും സേവന താല്പര്യത്തെയും ഊന്നിപറയുന്നതാണിത്, യോഹ:12:2, 6,13, 13:1-25, ഡിയക്കൊനോസ് ഒരു വെയ്റ്റർ യജമാനനു ഭക്ഷണം വിളമ്പി കൊടുക്കുന്ന ദാസ്യത്വം, ഒറ്റ വാക്കിൽ ദാസൻ, അപ്പോൾ ഒരു ശുശ്രൂഷകൻ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും ദാസനായിരിക്കണം എന്നാണ് ഈ വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്.



രണ്ടാമതായി ഹിപ്പെറ്റൈസ് – വള്ളം തുഴയുന്നവന്റെ സഹായി, അസിസ്റ്റന്റ് എന്നാണ് അർത്ഥം. യഹൂദ സിനഗോഗിൽ പുസ്തകം എടുത്തു കൊടുക്കുക, കെട്ടിടം വൃത്തിയാക്കുക എന്നീ ജോലികൾ ചെയ്യുന്നവൻ എന്ന നിലയിൽ ഈ പേര് ഉപയോഗിച്ചിട്ടുണ്ട്, 1 കൊരി:4:1.

മൂന്നാമതായി ഡൂലോസ് – അടിമ, ഉടമസ്ഥന്റെ സമ്പൂർണ്ണ അധികാരത്തിലും നിയന്ത്രണത്തിലുമുള്ള വിശ്വസ്തനായ അടിമ. യജമാനന്റെ പുറകേ നടക്കും. നോട്ടം തെറ്റിയാൽ ഓടിപ്പോകുന്ന അവസരവാദിയായ അടിമയെ യജമാനൻ തന്റെ മുമ്പിലാണ് നടത്തുന്നത്, റോമ:1:1, ഫിലി:1:1, ഇത് ദാസ്യ മനോഭാവത്തെ കാണിക്കുന്നു. പൗലോസ്, യാക്കോബ്, യൂദാ എന്നിവർ ഈ പ്രയോഗം തങ്ങളുടെ എഴുത്തുകളിൽ ഉപയോഗിച്ചിട്ടുണ്ട്.

നാലാമതായി ലിറ്റുഗോസ്- പുരോഹിതൻ, ശുശ്രൂഷകൻ എന്നീ അർത്ഥത്തിലാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. ശുശ്രൂഷയുടെ പൗരോഹിത്യ സ്വഭാവം ജനങ്ങൾക്കു വേണ്ടി ദൈവമുമ്പാകെ മദ്ധ്യസ്ഥ അണയ്ക്കുന്നവൻ അവരുടെ ആവശ്യങ്ങളിൽ സഹായിക്കുന്നവൻ റോമ: 15:15, എന്ന ആശയമാണ് ഈ വാക്കിനു പിന്നിൽ അർത്ഥമാക്കുന്നത്.

അഞ്ചാമതായി തെറാപ്പൊൻ- ഈ വാക്ക് രോഗിയെ ശുശ്രൂഷിക്കുന്ന ഒരു ദാസൻ എന്ന നിലയിലാണ് ഉപയോഗിക്കുന്നത്.

ഒടുവിലായി ഉപയോഗിച്ചിരിക്കുന്നത് പൊയിമെൻ- ഈ ഗ്രീക്കുവാക്കിൽ നിന്നാണ് ‘ഇടയൻ’ അഥവാ ‘പാസ്റ്റർ’ എന്ന പേര് ഉണ്ടായത്, ജനങ്ങളെ നയിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവൻ എന്ന അർത്ഥത്തിലാണ് ഇടയൻ എന്ന വാക്ക് ഉപയേഗിച്ചിരിക്കുന്നത്, സങ്കീ:23. യേശു പത്രോസിനു നൽകിയ നിയോഗം, എന്റെ ആടുകളെ മേയ്ക്കുക എന്നാണ്. ത്യാഗപൂർണ്ണമായ സേവനത്തെയാണ് ഈ വാക്ക് വെളിപ്പെടുത്തുന്നത്. ആടുകളുടെ ഇടയൻ എന്ന വിശേഷണം സുവിശേഷങ്ങളിൽ കാണാം, മത്താ:9:36, 25:32, മർക്കൊ:6:34, യോഹ:10:2.

കർത്താവിന്റെ ശുശ്രൂഷ ചെയ്യുന്നവരെ വിശുദ്ധ ബൈബിളിൽ ശുശ്രൂഷകൻ, സഹായി, അടിമ, പുരോഹിതൻ, ദാസൻ, ഇടയൻ എന്നിങ്ങനെ വ്യത്യസ്ത പേരുകളിലാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ശുശ്രൂഷകന്മാരെ ബൈബിൾ പരിചയപ്പെടുത്തുന്നത്-

1. ക്രിസ്തുവിന്റെ ദാസൻ, 1കൊരി:4:1
2. കർത്താവിന്റെ ദാസൻ, 2 തിമൊ:2:24
3. വചനത്തിന്റെ ശുശ്രൂഷകന്മാർ, 2 തിമൊ:2:15
4. പുതിയനിയമത്തിന്റെ ശുശ്രൂഷകന്മാർ, 2കൊരി:3:6-7
5. നീതിയുടെ ശുശ്രൂഷകന്മാർ, 2കൊരി:11:15
6. ആത്മാവിന്റെ ശുശ്രൂഷകന്മാർ, 2കൊരി:3:6
7. സഭയുടെ ശുശ്രൂഷകന്മാർ, കൊല:1:24-25
8. ദൈവകൃപയുടെ ഗൃഹവിചാരകന്മാർ, 1പത്രോ:4:10
9. ദൈവത്തിന്റെ കൂട്ടുവേലക്കാർ, 1കൊരി:3:9
10. ദൈവമനുഷ്യൻ, 1തിമൊ: 6:11.

ദൈവം തന്റെ ശുശ്രൂഷകൾ വേണ്ടി വ്യക്തികളെ വിളിക്കുമ്പോൾ അദ്ധ്വാനശീലരെ വേലയ്ക്കു വിളിക്കാറുള്ളത്. മോശെ, ഗിദേയോൻ, ശൗൽ, ദാവീദ്, ഏലീശ, പത്രോസ്, യോഹന്നാൻ, പൗലോസ് ഇവരൊക്കെ തങ്ങളുടെ ജോലിയിൽ മുഴുകിയിരിക്കുമ്പോഴാണ് ദൈവം അവരെ വിളിച്ചത്. ദൈവം ശുശ്രൂഷയ്ക്കായി വിളിക്കുമ്പോൾ തന്നെ തങ്ങളുടെ കൈ, കാല്, കഴിവ് എന്നിവ പൂർണ്ണമായും ദൈവകരങ്ങളിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നുണ്ട് ദൈവം മോശെയെ വിളിക്കുമ്പോൾ കാൽ പുറ:3:3-6 നടപ്പിനെയും വിശുദ്ധിയെയും താഴ്മയെയും കാണിക്കുന്നു, കൈ പുറ:4:2-9, കൈയിൽ ഉള്ളത് വടി. അത് കായികബലത്തെയും നേതൃത്വത്തെയും വ്യക്തമാക്കുന്നു യെഹൂദന്മാർ മോശെയുടെ കൈയിലിരുന്ന വടിയെ കുറിച്ച് പറയുന്നത്, ഏദൻ തോട്ടത്തിൽ ഉണ്ടായതാണ് ഈ വടി, ആദാം അവിടെ നിന്നു കൊണ്ടു വന്നു, നോഹ പെട്ടകത്തിൽ സൂക്ഷിച്ചു, യോസഫ് മിസ്രയിമിലേക്ക് കൊണ്ടുപോയി, മോശെ അതുകൊണ്ട് പല അത്ഭുതങ്ങളും ചെയ്തു. ഇങ്ങനെ ആ വടിയിൽ പല കാര്യങ്ങളും നടന്നുയെന്നു അവർ വിശ്വസിക്കുന്നു. കൈയിലുള്ള വടിയും കവണയും അപ്പവും രണ്ടു മീനും കർത്താവിന്റെ കരങ്ങളിൽ എത്തുമ്പോൾ അത് അനേകർക്ക് പ്രയോജനകരമായി തീരും. മദർ തെരേസ്സ എന്ന ഭക്ത തന്റെ കൈയിലുണ്ടായിരുന്നു അല്പം പണം ദൈവത്തിന്റെ കരത്തിൽ എൽപിച്ചപ്പോൾ അനേകർക്ക് പ്രയോജനപ്പെട്ടതുപോലെ നമ്മുടെ കൈയിലുള്ള അല്പം ദൈവത്തിന്റെ കരത്തിൽ സമർപ്പിക്കാം. ദൈവം ആഗ്രഹിക്കുന്നത് അല്പമേയുള്ളവെങ്കിലും അത് ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുവാനാണ് ഇന്ന് ക്രൈസ്തവ മണ്ഡലത്തിൽ ലക്ഷോപലക്ഷം സഭകളും സംഘടനകളുമുണ്ട്. ഈ സഭകളെയും സംഘടനകളെയും തിരിച്ചറിയുന്നത് ഓരോ സഭയുടെയും സംഘടനകളുടെയും ആദ്യോഗിക സ്ഥാനങ്ങളും പദവികളും അലങ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്, ഈ പദവികൾ ഉള്ളവരാണ്. താഴെ പറയുന്ന ആശയങ്ങൾ പരേതനായ ദൈവശാസ്ത്രജ്ഞൻ പാസ്റ്റർ എം.വി. ചാക്കോ സാറിന്റെ ദൈവശാസ്ത്രത്തിൽ നിന്നും കടമെടുത്തിട്ടുണ്ട്.

പോപ്പ്: റോമൻ കാത്തലിക് സഭയുടെ പരമാധികാരിയും പത്രോസിന്റെ പിൻഗാമിയുമായിട്ടാണ് ഇദ്ദേഹത്തെ അറിയപ്പെടുന്നത്. പിതാവ് എന്നർത്ഥം

05

ചോദ്യോത്തര വേദി

# കൃപാവരങ്ങളുടെ വ്യാജപതിപ്പുകൾ



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** തങ്ങളുടെ ഉപദേശമാണ് മറ്റുള്ള ക്രിസ്തീയ വിഭാഗങ്ങളേക്കാളും വചനപ്രകാരമുള്ളതെന്ന് പെന്തെക്കോസ്തു സഭാനേതാക്കളും സഭാംഗങ്ങളും മറ്റുള്ളവരെ ധരിപ്പിക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ കൃപാവരങ്ങളുടെ ശുശ്രൂഷയിൽ പലരും ദൈവത്തെയും ദൈവജനത്തെയും കബളിപ്പിക്കുന്നു. **വ്യാജ അന്യഭാഷ പറഞ്ഞാലും വ്യാജപ്രവചനം നടത്തിയാലും** 'സത്യാരാധന' തങ്ങളുടേതാണെന്നും 'സത്യാത്മാവ്' തങ്ങളുടെ ഇടയിലാണെന്നും അവർ അവകാശപ്പെടുന്നു. ഇതിനെക്കുറിച്ച് പ്രതികരിക്കാമോ?

**– ബിനു. എ. ജെ. കൈരളി ഫോർഡ്, കോട്ടയം**

**ഉത്തരം:** 'മനഃപാഠമാക്കിയ മാനുഷീക ജല്പനങ്ങൾ' എന്ന തലക്കെട്ടോടുകൂടി, ചർച്ച് ഓഫ് ഗോഡിലെ' ഒരു പാസ്റ്ററായ റവ. ഡോ. തോമസ് കെ. ഐപ്പ് തന്റെ പ്രസിദ്ധീകരണത്തിൽ ഈ വിഷയത്തെക്കുറിച്ച് എഴുതിയത്, വിശ്വാസികളുടെ വിവേചനത്തിനായി വീണ്ടും എഴുതുകയാണ്. ഇത് വായിച്ചിട്ട് ആർക്കെങ്കിലും പ്രതികരിക്കണമെന്ന് തോന്നുകയാണെങ്കിൽ, അദ്ദേഹത്തെ അറിയിക്കുന്നതാണ് ഉത്തമം. കാരണം അദ്ദേഹത്തിന്റെ വാക്കുകളാണ് താഴെക്കുറിക്കുന്നത്.

"...ഒരു സ്ഥലത്ത് കുട്ടികൾക്കായുള്ള ഒരു മൃഗശാല പ്രവർത്തിച്ചിരുന്നു. ചുറ്റുവട്ടത്തുള്ള തൊഴിൽരഹിതനായ ഒരു യുവാവ് ഒരു ദിവസം ഒരു പത്ര പരസ്യം കാണുവാനിടയായി. പ്രസ്തുത മൃഗശാലയിൽ ജോലിക്കാരെ ആവശ്യമുണ്ട് എന്നതായിരുന്നു പരസ്യം. ജോലിയുടെ സ്വഭാവത്തെപ്പറ്റി മാനേജർ വിശദീകരിച്ച് ഇങ്ങനെയാണ്: മൃഗശാലയിലെ ഒരു വലിയ കുരങ്ങ് ഏതാനും ദിവസങ്ങൾക്ക് മുമ്പ് ചത്ത് പോയതിനാൽ കുരങ്ങനായി അഭിനയിക്കുക എന്നതാണ് ജോലി. വെളുപ്പിനെ കുരങ്ങന്റെ പുറംചട്ട ധരിച്ച് കൂട്ടിൽ കയറണം. ഗോഷ്ടി കാണിച്ചും തൂക്കിയിട്ടിരിക്കുന്ന വളയങ്ങളിൽ തൂങ്ങിയാടിലും ഊഞ്ഞാലിൽ അഭ്യാസം കാണിച്ചും, കുട്ടികൾ നൽകുന്ന പഴവും കപ്പലണ്ടിയും ഒക്കെ തിന്നും കുട്ടികളെ രസിപ്പിക്കണം. അടുത്തടുത്ത കൂടുകളിലെല്ലാം ഓരോരോ വന്യജീവികളാണുള്ളത്. കൂടുകളുടെ മുകൾഭാഗം തുറന്നിട്ടിരിക്കുന്നതിനാൽ അടുത്ത കൂട്ടിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കണം എന്നുമാത്രം. പണത്തിന്റെ ആവശ്യം കാരണം യുവാവ് കുരങ്ങായി അഭിനയിക്കുന്ന ജോലിയിൽ പ്രവേശിച്ചു. കുട്ടികൾ വന്നു തുടങ്ങി. മണിക്കൂറുകൾ കഴിയുംതോറും ജോലി രസകരമായി. കാര്യങ്ങളൊക്കെ നന്നായി പോകുമ്പോൾ പെട്ടെന്നാണതു സംഭവിച്ചത്. വളയത്തിൽ തൂങ്ങിയാടി അടുത്ത വളയത്തിൽ പിടിക്കുവാനുള്ള പരിശ്രമത്തിൽ പിടികിട്ടാതെ കക്ഷി അടുത്തുള്ള സിംഹത്തിന്റെ കൂട്ടിൽ വീണുപോയി. സിംഹം മുരളാൻ തുടങ്ങി, പേടിച്ചുവിറച്ച് മൂലയിൽ പതുങ്ങിയിരുന്ന കുരങ്ങന്റെ അടുത്തേക്ക് സിംഹം ചെല്ലുന്നതു കണ്ട് കുരങ്ങ് വാവിട്ടലറാൻ തുടങ്ങി. പെട്ടെന്ന് സിംഹം അവന്റെ അടുത്തേക്ക് ചാടിവീണ് അവന്റെ ചെവിയിൽ ഒരു രഹസ്യം പറഞ്ഞു: നീ മനുഷ്യശബ്ദത്തിൽ അലറുന്നത് നിർത്തുക. അല്ലെങ്കിൽ നമ്മൾ രണ്ടുപേരുടെയും പണി പോകും. അപ്പോഴാണ് സിംഹവും തന്നെപ്പോലെ അഭിനയിക്കുന്ന ഒരാളാണെന്ന് കുരങ്ങിന് മനസ്സിലാകുന്നത്. ഇതുപോലെയാണ് പെന്തെക്കോസ്തിലെ ബഹുഭൂരിപക്ഷം വരുന്ന അന്യഭാഷക്കാരും. അതായത് എല്ലാവരും അന്യഭാഷയുടെ പുറംചട്ട ധരിച്ചവരാണ്. ചിലർ ചില കടുകട്ടി വാക്കുകൾ കാണാതെ പഠിച്ചിരിക്കുന്നു. **വ്യാജ അഭിനയമാണ് എന്ന യഥാർത്ഥ സത്യം വെളിപ്പെടുത്താൻ ആർക്കും നിർവ്വാഹമില്ല.** ഉപദേശിമാരും വിശ്വാസികളും തമ്മിലുള്ള ഈ പരസ്പരധാരണ കണ്ട് പലപ്പോഴും അതിശയിച്ചുപോയിട്ടുണ്ട്. വചനപരിജ്ഞാനവും ദൈവഭയവും നഷ്ടപ്പെട്ട നമ്മുടെ ജനങ്ങളെ എന്തോന്നിനാൽ ബോധം വരുത്തും എന്നു ചിന്തിക്കുകയാണ് സത്യസന്ധരായ ദൈവദാസന്മാർ. ഈ വിപത്തിനെ തുറന്നു കാട്ടുവാനോ അതിനെതിരെ രംഗത്തുവരുവാനോ (അനാത്മീകരെന്ന് മുദ്രകുത്തുമെന്നുള്ള ഭയം കാരണം) അതിനെതിരെ ശബ്ദമുയർത്തുവാനോ പലരും തയ്യാറാകുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ നേതാവും ഉപദേശിയും വിശ്വാസിയും എല്ലാം വ്യാജ അന്യഭാഷാ ഭാഷണത്തിന്റെ വിഷയത്തിൽ ഒരുപോലെ നല്ലപിള്ള ചമയുകയാണ്. ഇതിനിടയിൽ യഥാർത്ഥ ആത്മീയനെ തിരിച്ചറിയപ്പെടുകയോ അംഗീകരിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നുള്ളതാണ് ദുഃഖകരമായ സത്യം". കടപ്പാട്: 'പത്ഥ്യോപദേശം' Published by Dr. Thomas K. Iype Phone: 0473 4270197

**അടിക്കുറിപ്പ്:** കുറച്ചുനാൾ മുമ്പ് ഞാനൊരു സുവിശേഷകനോട് ചോദിച്ചു: എന്തുകൊണ്ടാണ് പ്രസംഗകർ പൊടിപ്പും തൊങ്ങലും വച്ചും കള്ളസാക്ഷ്യം പറഞ്ഞും ജനങ്ങളെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നത് എന്ന്. അദ്ദേഹം പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: "ഞാനിപ്പോൾ സുവിശേഷം കേട്ട്, സത്യദൈവവും നിത്യജീവനുമായ യേശുക്രിസ്തുവിനെ അറിഞ്ഞ് നാട്ടിൽ നല്ലൊരു സാക്ഷ്യവുമായി ജീവിച്ചാലും, അടുത്ത 20 വർഷം മാന്യനായി ജീവിച്ചാലും ആരും എന്നെ പ്രസംഗത്തിന് ക്ഷണിക്കില്ല. അതേസമയം നായനാരുടെ പെങ്ങളുടെ മകനാണെന്നും, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദമെടുത്തതാണെന്നും, രണ്ടു ബലാൽസംഗ കേസുകളിൽ പ്രതിയായിരുന്നെന്നും ജയിലിൽ വച്ച് കർത്താവ് പ്രത്യക്ഷത തന്നെന്നും ഇപ്പോൾ ഞാൻ പ്രാർത്ഥിച്ചാൽ ഉടനെ വിടുതലാണെന്നും പറഞ്ഞാൽ ജനമെല്ലാം ഹാലേല്ലുയ്യ ഗ്ലോറി പറഞ്ഞ് അടുത്ത രണ്ടുമൂന്നു പ്രസംഗത്തിനുള്ള ബുക്കിംഗ് അവിടെ വച്ച് തന്നെ ലഭിക്കും എന്നു പറഞ്ഞു'. കാരണം, 'എന്റെ ജനത്തിനോ വ്യാജം ഇഷ്ടമാകുന്നു' (യിരെമ്യാവ് 5:31).

നൂറുവർഷം മുമ്പുവരെയുള്ള ക്രിസ്തീയ പ്രസംഗകരെല്ലാം തന്റെ അവസാനത്തെ പ്രസംഗം എന്ന നിലയിലാണ് ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നത്. ഇനിയൊരവസരവും ഉണ്ടാകില്ല എന്ന വിചാരത്തോടെ. ഇന്നത്തെ പ്രസംഗകർ ഇനി ഒരു നൂറു അവസരം കൂടി ലഭിക്കണം എന്ന പ്രതീക്ഷയിലാണ് പ്രസംഗം ചെയ്യുന്നത്.

എന്റെ പരിചയത്തിലുള്ള ഈ ശുശ്രൂഷകൻ അനേക നാളുകൾ ആഗ്രഹിച്ചിട്ടും ശ്രമിച്ചിട്ടും അന്യാഭാഷാവരം കിട്ടിയില്ല. അതിനദ്ദേഹം ഒരെണ്ണം കാണാതെ പഠിച്ചു, പഠിച്ചത് എന്നെ പറഞ്ഞുകേൾപ്പിച്ചു. അതിപ്രകാരമാണ്: 'ജിവൽഘടകര, ജിവൽഘടകര, കട്ടിഘടകര, വേദാരാജാ, വേദാരാജാ, വേദപിരാജാ, വാതിൽപലകജനാലസ്യ'.

നമ്മളിൽ വ്യാപരിക്കേണ്ടത് സത്യത്തിന്റെ ആത്മാവാണെന്നും വ്യാജത്തിന്റെ അല്ലെന്നും എന്നാണാവോ ജനത്തിന് ആഗ്രഹമുണ്ടാകുക? ആഗ്രഹമുണ്ടാകുന്ന നാളിൽ യഥാർത്ഥ ഉണർവ്വുണ്ടാകുകയും ദൈവം യഥാർത്ഥമായും നമ്മുടെ ഇടയിൽ ഉണ്ടെന്ന് ജനങ്ങൾ പറയുകയും ചെയ്യും.

## 01 സഭാസ്വത്തുക്കൾ സർക്കാർ ......



APFC നേതാക്കന്മാർ മുഖ്യമന്ത്രിക്കു മെമ്മോറാണ്ടം നൽകുന്നു

കൾ എന്നിവ ഉയരുന്നു. മെഹ്ബുബ് നഗറിൽ മെനോനൈറ്റ് ബ്രദറൻ സഭയുടെ സ്വത്തുക്കൾ 38 കോടിക്ക് പണയപ്പെടുത്തി. ഹൈദരാബാദിൽ മെഥഡിസ്റ്റ് ബോയ്സ് ഹൈസ്കൂൾ സ്വത്തുക്കൾ സ്വകാര്യ വ്യക്തികൾ കയ്യേറി. മേഡക്ക്, വാറംഗൽ, രംഗാറെഡ്ഡി, ഗുണ്ടൂർ, കൃഷ്ണ, ഗോദാവരി, പ്രകാശം ജില്ലകളിൽ ആണ് കൂടുതലായും സഭാസ്വത്തുക്കൾ അന്യാധീനപ്പെട്ടുപോയത്. ബ്രദറൺ സഭയുടെ ഭൂമി 38 കോടിക്ക് പണയം ചെയ്ത കേസ് ആന്ധ്രാ ഹൈക്കോടതിയിൽ നടക്കുന്നു.

ഗുണ്ടൂർ ജില്ലയിൽ ആന്ധ്രാ ഇവാഞ്ചലിക്കൽ ലൂഥറൻ സഭയുടെ 49 ഏക്കർ ഭൂമിയാണ് തിരിമറിയിലൂടെ വിൽപ്പന നടത്തിയത്. സഭാ സ്വത്തുക്കൾ നേതൃത്വം കുറഞ്ഞ വിലക്ക് തീറെഴുതി കൊടുക്കുന്ന സംഭവങ്ങൾ ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിൽ ആണ് ആന്ധ്രാ, തെലുങ്കാന ഗവൺമെന്റുകൾ സർക്കാർ ബോർഡ് രൂപീകരിക്കാൻ നീക്കം നടത്തിയത് എന്നാൽ സഭാ നേതാക്കന്മാരുടെ എതിർപ്പിനെ തുടർന്ന് സർക്കാർ ഈ തീരുമാനം പിൻവലിച്ചെന്ന് APFC അവകാശപ്പെടുന്നു. വിശ്വാസികൾ ഒരു വിഭാഗം സഭാസ്വത്തുക്കൾ ഗവൺമെന്റ് വഖഫ് ബോർഡിന്റെ മാതൃകയിൽ സംരക്ഷിക്കണം എന്ന അഭിപ്രായക്കാരാണ്. പഞ്ചാബിൽ സ്വയം പ്രഖ്യാപിത ബിഷപ്പ് റോക്കസ് സന്ദു CNI യുടെ അമൃത് സർ വസ്തുക്കൾ എഴുതി വിറ്റതിന് മൂന്ന് വർഷത്തെ തടവിന് വിധിക്കപ്പെട്ടു. CNI -ൽ സഭാസ്വത്തുക്കളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് നൂറോളം കേസുകളാണ് നടക്കുന്നത്.

## 01 കൺവൻഷൻ സ്റ്റേഡിയം...

ദൈവസഭയുടെ അഭിമാനകരമായ നേട്ടമായിരുന്നു എം. സി. റോഡിന്റെ വശത്ത് സ്വന്തമായി ഒരു കൺവൻഷൻ സ്റ്റേഡിയം. ഇപ്പോൾ കോട്ടയം മുനിസിപ്പാലിറ്റിയുടെ ഭാഗമായ ഈ സ്ഥലത്തിന് കോടി കണക്കിന് രൂപ വില വരും. മുൻ ഓവർസിയർ പാസ്റ്റർ സണ്ണി വർക്കിയുടെ കാലത്താണ് ഈ സ്റ്റേഡിയം വാങ്ങിയത്. മുൻ ഓവർസിയർ പി. ജെ. ജോസഫ് സ്റ്റേഡിയം മണ്ണിട്ട് നികത്തി കൺവൻഷൻ നടത്താൻ ഉപയോഗപ്രദമാക്കി. ദൈവസഭയുടെ ഈ അഭിമാനനേട്ടമാണ് പണയപ്പെടുത്താൻ അന്നത്തെ എഡ്യൂക്കേഷൻ ഡയറക്ടറായിരുന്ന ഇപ്പോഴത്തെ ഓവർസിയർ കൂട്ടുനിന്നത്.

ഈ സ്റ്റേഡിയം തിരിച്ചെടുക്കാൻ വേണ്ടി യാതൊന്നും ഓവർസിയർ ചെയ്തില്ലെന്നും വിസ്താരവേളയിൽ ഓവർസിയർ ഉൾപ്പെടെയുള്ള അന്നത്തെ കൗൺസിൽ അംഗങ്ങൾ വിചാരണ ചെയ്യപ്പെടുമെന്ന ഭീതിയിലാണ് കേസ് നടത്തിക്കൊണ്ടു പോകാൻ ഓവർസിയർ ഉത്സാഹം കാണിക്കാഞ്ഞത് എന്ന പരാതിയും ഉണ്ട്. 11/09/2008ലെ കൗൺസിൽ യോഗത്തിന്റെ ഒറിജിനൽ മിനിട്ട്സും രേഖകളും നശിപ്പിച്ചുകളഞ്ഞെന്നും ചിലർ ആരോപിക്കുന്നു. പ്രസ്ഥാനത്തിന്റെ സ്ഥലങ്ങൾ വിറ്റ് തുലയ്ക്കുക എന്നത് ആ കൗൺസിലിന്റെ നയമായിരുന്നു. ഇതിന്റെ ഭാഗമായിട്ടാണ് ഏലപ്പാറയിലുള്ള സ്ഥലം വിൽക്കാൻ ശ്രമം നടത്തിയത്. എന്നാൽ മാധ്യമ ഇടപെടലിനെത്തുടർന്ന് നേതൃത്വം പിൻവാങ്ങുകയായിരുന്നു.

സ്റ്റേഡിയം മറിച്ചുവിറ്റതിന്റെ പിന്നിലുള്ള ഗൂഢാലോചന പുറത്തുകൊണ്ടുവരണമെന്ന് വിശ്വാസികൾ ആവശ്യപ്പെടുന്നു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ ചിലർക്കും ഇതിൽ പങ്കുണ്ടെന്ന് ആരോപിക്കുന്നു. ഓവർസിയർക്കെതിരെയുള്ള രേഖകൾ പുറത്തുവന്നപ്പോൾ സഭാ നേതൃത്വം ഇപ്പോൾ വെട്ടിലായിരിക്കുകയാണ്.

## 01 ഹെബ്രോൻപുരം വീണ്ടും......

സന്മാരെ അപമാനിക്കുകയും അവരുടെ വിലപ്പെട്ട സമയങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്തതിൽ വ്യാപകമായ പ്രതിഷേധം ഉയരുകയാണ്. പ്രാർത്ഥനാ മനുഷ്യനും ഉന്നതമായ ആത്മീക മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന കർത്തൃദാസൻ എന്ന പരിവേഷത്തോടുകൂടി ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട പുതിയ നേതൃത്വത്തിന് ദൈവജനത്തിന് വലിയ പ്രതീക്ഷയാണുണ്ടായിരുന്നത്. എന്നാൽ ആരോപണങ്ങളും വിവാദങ്ങളും കൊണ്ട് നിറഞ്ഞ ഭരണകാലഘട്ടങ്ങളിൽ ഭാവനാപൂർണ്ണമായ പുതിയ പദ്ധതികൾ ഒന്നും അവതരിപ്പിക്കുവാൻ കഴിയുന്നില്ല. പോലീസ് കേസും അഴിമതിക്കഥകളും തുടർന്നുകൊണ്ടിരിക്കുന്നു. ഭാരത പ്രാർത്ഥനാ യാത്രയ്ക്ക് ഇടയിൽ നടന്ന ഈ സംഭവം പ്രസ്ഥാനത്തിന് സമൂഹമധ്യേ നാണക്കേടായിരിക്കുന്നു.

പെന്തെക്കോസ്ത് ഉപദേശം, ധാർമ്മികത എന്നീ വിഷയങ്ങൾക്ക് എക്കാലത്തും വലിയ വില നൽകിയിരുന്ന മഹാപ്രസ്ഥാനം ഇന്ന് വലിയ പ്രതിസന്ധിയിലാണ്. കരിസ്മയുള്ള നേതൃത്വത്തെ ജനം പ്രതീക്ഷിക്കുന്നു. ലീഡർഷിപ്പിനെക്കുറിച്ച് ഉദാത്തമായ കാഴ്ചപ്പാടുള്ള പുതിയ തലമുറയ്ക്ക് അക്കാദമിക് നിലവാരവും മിഷൻ വൈദഗ്ധ്യവും വ്യക്തിത്വ വൈശിഷ്ട്യവുമുള്ള നേതൃത്വമാണ് ആവശ്യം. ഹെബ്രോൻ എന്നും കൂട്ടായ്മയുടെ പട്ടണമാണ്. അവിടെ കലഹങ്ങൾക്കും വാഗ്വാദങ്ങൾക്കും സ്ഥാനമില്ല.

## ഫോക്കസ് 15 ന് അനുഗ്രഹസമാപനം

**തിരുവനന്തപുരം:** തിരുവനന്തപുരം മേഖല പി.വൈ.പി.എ. ആഗസ്റ്റ് 27,28,29 തീയതികളിൽ ആര്യനാടിനു സമീപം പറങ്ങോട് ഹാർവെസ്റ്റ് മിഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പാ. ദാനിയേൽ കൊന്നനിൽക്കുന്നതിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഇവാ. സിനോജ് ജോർജ്ജ് തീം അവതരിപ്പിക്കുകയും പാസ്റ്റർമാരായ രാജു പൂവക്കാല, ഷിബു നെടുവേലിൽ, ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ഡിലു ജോൺ, പി.ജെ. ഡാനിയേൽ, അസറിയാ ജോസഫ്, ഡോ. അലക്സ് ജോൺ, ജോൺ മത്തായി, സ്റ്റാൻലി ജോൺ, രതീഷ് ഏലപ്പാറ, ബ്രദർ സുധി എബ്രഹാം, സിനോജ് ജോർജ്ജ്, ലൈജു ജോർജ്ജ് എന്നിവർ ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. ബൈബിൾ ക്വിസ്, ഡിസ്കഷൻ, താലന്ത് നൈറ്റ്, ഗോസ്പൽ റാലി ഇവയെല്ലാം ക്യാമ്പിനെ തികച്ചും വ്യത്യസ്തമാക്കി. ക്യാമ്പിലെ കുഞ്ഞുങ്ങൾക്കായി തിമോഥി ഇൻസ്റ്റിറ്റ്യൂട്ട് ഒരുക്കിയ കിഡ്സ് സെക്ഷനും പുത്തൻ ആത്മീകാനുവങ്ങൾ പകർന്ന് നൽകി. മേഖലാ പി.വൈ.പി.എ. പ്രസിഡന്റ് പാ. കലേഷ്, വൈസ് പ്രസിഡന്റുമാരായ ഷിബു വിക്ടർ, പാ. സാബു ആര്യപ്പള്ളിൽ, സെക്രട്ടറി ജയ്സൺ സോളമൻ, ജോ. സെക്രട്ടറിമാരായ ഇവാ. സാബു ജോസഫ്, ഇവാ. ജയിംസ് യോഹന്നാൻ, പബ്ലിസിറ്റി കൺവീർ ബ്ര. വിൻസെന്റ് ശാമുവേൽ എന്നിവർ നേതൃത്വം നൽകി.

നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

അദ്ധ്യായം - 28



സുനിൽ വർഗീസ്,
ബാംഗ്ലൂർ

താഴെ കാളവണ്ടി കടന്നു പോകുന്ന ശബ്ദം കേട്ടിട്ടാണ് മാതേവൻ കുടമ്പിൽ നിന്ന് ഇറങ്ങി വന്നത്. ആൽബർട്ട് പോയതിനു ശേഷം അയാൾ മിക്കപ്പോഴും ആ കുടിലിൽ പോയി ഇരിക്കാറുണ്ടായിരുന്നു. ഇന്നു വന്നേക്കും, അല്ലെങ്കിൽ നാളെ പ്രഭാതത്തിൽ എത്താതിരിക്കില്ല എന്ന ക്രമത്തിൽ അയാൾ ആൽബർട്ടിനായി കാത്തിരുന്നു. ആൽബർട്ടിന്റെ ബൈബിളും മറ്റ് പുസ്തകങ്ങളും പൊടി തട്ടിവെച്ചു. ആ ചെറിയ ഒറ്റമുറി എന്നും തൂത്തുവാരി വൃത്തിയാക്കിയിട്ടു. മഴ അതിന്റെ എല്ലാ ശക്തിയോടും കൂടെ നീലമുടിയിൽ പ്രഹരങ്ങൾ ഏൽപ്പിച്ചു കൊണ്ടിരുന്നു. സ്വന്തം കുടമ്പിലെ ചോർച്ച മാറ്റുന്നതിനെക്കാൾ വ്യഗ്രതയോടെ ആൽബർട്ടിന്റെ കുടിലിനെ അയാൾ മഴയിൽ നിന്ന് രക്ഷിച്ചെടുത്തു കൊണ്ടിരുന്നു. കുമ്മാശ്ശനും മൂപ്പനും അവരുടെ കൂട്ടാളികളും ചേർന്ന് ഗ്രാമത്തിലുള്ളവരെ മലമുത്തിയെ ആരാധിക്കുവാൻ ഭീഷണിപ്പെടുത്തി കുടമ്പുകൾ തോറും അലയുന്ന സമയമായിരുന്നത്. കറമ്പനും ഇപ്പോൾ അവരുടെ കൂട്ടത്തിലാണ്. അന്ന് ദൈവം കുട്ടിയുടെ അടുത്ത് മാനസാന്തരത്തോടെ അവൻ വന്നത് കാപട്യമായിരുന്നുവെന്ന് ഇപ്പോൾ മാതേവന് എകദേശം ഉറപ്പായിരുന്നു. എന്നും രാത്രി വൈകിയാണ് അയാൾ തന്റെ കുടമ്പിലേക്ക് പോകുന്നത്. അതുവരെ മുനയണ്ണനും ചെറുമനും മറ്റു ചിലർക്കുമൊപ്പം ആൽബർട്ടിന്റെ കുടിലിൽ, ചിലപ്പോൾ പുതുതായി കെട്ടിയുണ്ടാക്കിയ ദൈവപ്പിരയിൽ ആൽബർട്ട് പഠിപ്പിച്ച പോലെയുള്ള പ്രാർത്ഥനകളുമായി അവർ കഴിഞ്ഞു കൂടി. ഒപ്പം മഴയെ ചെറുക്കാനുള്ള മാർക്ഷങ്ങൾ അവർ ചർച്ച ചെയ്തു. കൂട്ടത്തിലുള്ള എല്ലാ വീടുകളിലും ഭക്ഷണത്തിനുള്ള വക എത്തിക്കുവാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചു. അന്നും പതിവു പോലെ ഒരു കാളവണ്ടി ശബ്ദം അകന്നു പോകുന്നതു കേട്ടാണ് മാതേവൻ ആൽബർട്ടിന്റെ കുടിലിൽ നിന്ന് താഴേക്ക് ഇറങ്ങി വന്നത്. താഴേക്കു നീണ്ടു കിടക്കുന്ന ഒറ്റയടി പാതയിലേക്ക് ദീർഘനിശ്വാസത്തോടെ അയാൾ നോക്കി നിന്നു. പെട്ടന്നാണ് ഒരുകുറ്റിച്ചെടിയെ വകഞ്ഞു മാറ്റി ആരോ കയറി വരുന്നതായി മാതേവന് തോന്നിയത്.

ദൈവം കുട്ടീ....! വാസ്തവത്തിൽ മാതേവൻ അലറുകയായിരുന്നു. എന്നാൽ അയാൾ താഴേക്ക് ഒടിച്ചെന്ന്, ഞട്ടലോടെ നിന്നത് കാതറിന്റെ മുൻപിലായിരുന്നു.

കാതറിൻ...? ആൽബർട്ട് വായനശാലയുടെ ജാലകത്തിലൂടെ പുറത്തേക്ക് നോക്കി നിൽക്കുകയായിരുന്നു. കാതറിൻ നീലമുടിയിൽ ചെന്നുവോ? അയാൾ പെട്ടന്നു മാതേവന്റെ അരികിലേക്ക് ചെന്നു. മാതേവാ...കാതറിൻ അവിടെ വന്നുവോ?

ഉം...ദൈവം കുട്ടി.... ഞങ്ങ ഇങ്ങോട്ടു വരുന്നതിന്റെ രണ്ടു ദിവസി വരെ കാതറിൻ ഞങ്ങടെ കൂടെ ഉണ്ടായിരുന്നു. മുനയണ്ണൻ ആൽബർട്ടിനെ നോക്കി.

എന്നിട്ട്...? ആകാംഷയോടെ അത് ചോദിച്ചത് രാജീവായിരുന്നു.

ദൈവം കുട്ടീടെ കുടമ്പിലാണ് കാതറിൻ താമസിച്ചത്. അന്നുതന്നെ ഞങ്ങ എല്ലാവരടേം കുടീൽ വന്നു കേട്ടോ.....മുനയണ്ണൻ തുടർന്നു. നമ്മടെ ചെറുമന്റേയും ചോമന്റേയും ഒക്കെ കുടമ്പുകൾ ചോരുവല്ലായിരുന്നോ...അതെല്ലാം നോക്കി എല്ലാം പുസ്തകത്തിൽ കുറിച്ചെടുത്തു. പിന്നെ നമ്മടെ സ്കൂളിൽ പോയി. അത് പൊടിയും എലേം പിടിച്ചു കിടക്കുവല്ലായിരുന്നോ...അതെല്ലാം പിള്ളാരെ എല്ലാവരേയും വിളിച്ചു കൂട്ടി തൂത്തുവാരി.

ആൽബർട്ട് വീണ്ടും എഴുന്നേറ്റ് ജനാലയ്ക്കൽ പോയി, താഴെ ആൾസഞ്ചാരം ഒഴിഞ്ഞ നിരത്തിലേക്ക് നോക്കി നിന്നു. കാതറിൻ... അയാളുടെ മനസ്സ് വിങ്ങി. താൻ ചെയ്ത തെറ്റുകളെ, താൻ നീലമുടിയിൽ സൃഷ്ടിച്ച ആ വലിയ പിളർപ്പിനെ അവൾ നികത്തുകയായിരുന്നുവല്ലോ.

മഴ, നീലമുടിയിലെ ആരുടേയും വിലാപം കേട്ടതേയില്ല. പകർച്ചവ്യാധിയും പട്ടിണിയും വ്യാപിക്കേണ്ട സമയത്താണ് അവർക്ക് ആശ്രയമായി തന്റെ അഭാവം ആർക്കും തോന്നാത്ത രീതിയിൽ കാതറിൻ അവിടെ ചെന്നത്.

പണ്ട് വിനോദ് ഉള്ളപ്പോൾ ചെയ്തതു പോലെ കാതറിൻ അവൾക്ക് പരിചയമുള്ള ആളുകളുടേയും സന്നദ്ധ സംഘടനകളുടേയും സഹായത്തോടെ ആഹാരം വസ്ത്രം കുടമ്പിന്റെ ചോർച്ച മാറ്റാനുള്ള മാർക്ഷങ്ങൾ എന്നിങ്ങനെ ആൽബർട്ട് ഉണ്ടായിരുന്നുവെങ്കിൽ ചെയ്യുമായിരുന്ന എല്ലാം, ഒന്നും തെറ്റിക്കാതെ അവൾ ചെയ്തു കൊടുത്തു. പതിവിലും ആവേശത്തോടെ കുട്ടികൾ സ്കൂളിൽ വരാൻ തുടങ്ങി.

നമ്മ്ടെ മൂപ്പന്റെ കുടമ്പും നമ്മളെല്ലാരും ചേർന്ന് ശരിയക്കി കൊടുത്തു. മാതേവൻ പറയുന്നു. ഞാൻ ആവണ പറഞ്ഞതാ ഇത്രത്തോളും ദുഷ്ടത്തരം ചെയ്തതാ ... അയാൾ നനഞ്ഞു കിടന്നാ മതീന്...പക്ഷേ കാതറിൻ സമ്മതിച്ചില്ല. നമ്മ്ടെ യേശുഅപ്പച്ചന് അങ്ങനെ ശത്രൂന്നും മിത്രമെന്നും വേർതിരിവില്ലാന്ന് എപ്പോഴും പറയുമായിരുന്നു. കുമ്മാശൻ മാത്രമാ മുത്തി രക്ഷിച്ചോളും എന്നും പറഞ്ഞ് ഒന്നിനും സമ്മതിക്കാഞ്ഞത്. ദൈവം കുട്ടീ രണ്ടു പ്രാവശ്യം മൂപ്പൻ പണ്ടത്തെപ്പോലെ നമ്മടെ കൂട്ടത്തിൽ വന്നു കേട്ടോ... മാതേവൻ ചിരിക്കുന്നു.

നിങ്ങളാരും ആൽബർട്ടിനെക്കുറിച്ചു...ഓ..നിങ്ങളുടെ ദൈവം കുട്ടിയെക്കുറിച്ച് കാതറിനോടു ചോദിച്ചില്ലേ..? രാജീവാണ് അത് ചോദിച്ചത്. ആൽബർട്ട് തിരിഞ്ഞു. ഞങ്ങ എപ്പോഴും ചോദിക്കുമായിരുന്നു. വന്ന ആദ്യ ദിവസം തന്നെ ഞങ്ങൾ ദൈവം കുട്ടീനെക്കുറിച്ചാ ചോദിച്ചേ..... ആൽബർട്ട് മാതേവന്റെ അടുത്തേക്ക് ചെന്നു. എന്നിട്ട് അവൾ എന്തു പറഞ്ഞു....?

മാതേവനും മുനയണ്ണനും പരസ്പരം നോക്കി. ഞങ്ങളോടു കള്ളമാണ് കാതറിൻ പറഞ്ഞത്. ദൈവം കുട്ടീടെ അമ്മയ്ക്ക് എന്തോ അസുഖമാണെന്നും അതുകൊണ്ട് ആശുത്രിയിലാണും പറഞ്ഞു. ഞങ്ങൾ എല്ലാ കൂട്ടത്തിലും ദൈവം കുട്ടീടെ അമ്മേടെ സുക്കേട് മാറാൻ യേശുഅപ്പച്ചനോടു പ്രാർത്ഥിക്കുമയിരുന്നു. ആൽബർട്ട് കൈകൾക്കുള്ളിലേക്ക് മുഖമമർത്ത് അടുത്ത് കണ്ട കസേരയിലേക്ക് ഇരുന്നു.

എപ്പോഴും ദൈവം കുട്ടിയെക്കുറിച്ച് പറയുമായിരുന്നു. ദൈവം കുട്ടി പറഞ്ഞേൽപ്പിച്ചുവെന്നു പറഞ്ഞാ ഒരോ കാര്യങ്ങളും ചെയ്തു കൊണ്ടിരുന്നത്. ഇപ്പോ ഞങ്ങൾക്ക് മനസ്സിലായി...ദൈവം കുട്ടി കാതറിനോട് ഒന്നും പറഞ്ഞിരുന്നില്ലാന്ന്. എല്ലാം ആ പാവം തന്നെത്താനെ ചെയ്യുവായിരുന്നു. അല്ലേ ദൈവം കുട്ടീ...മാതേവന്റെ ചോദ്യത്തിന് മുൻപിൽ മറുപടികളില്ലാതെ ആൽബർട്ട് നിസ്സഹായകനായി ഇരുന്നു.

പിന്നെ എന്തു പറ്റി.... രാജീവിന്റെ ചോദ്യം.

മാതേവൻ രാജീവിന്റെ നോക്കി.

നമ്മുടെ ദൈവപ്പിരയിൽ ആശൂത്രീന്ന് വന്ന ആളുകൾ എല്ലാവർക്കും മരുന്നും ഒക്കെ കൊടുത്തില്ലേ...അന്നാ ദൈവം കുട്ടീടെ കുടമ്പ് കറമ്പൻ തല്ലി തകർത്തത്. കുമ്മാശ്ശനും ഒണ്ടായിരുന്നു. നമ്മുടെ പിള്ളാരാ ദൈവപ്പിരയിൽ നിലവിളിച്ചോണ്ട് വന്നു പറഞ്ഞത്. ഞങ്ങളെല്ലാരും ഓടി വന്നു നോക്കുമ്പോ കറമ്പൻ എല്ലാം തകർത്തിരുന്നു. ഭ്രാന്തു പിടിച്ചവനെ പോലെ കഞ്ചാവിന്റെ ലഹരിയിൽ കയ്യിലിരിക്കുന്ന വടി വീശുന്ന കറമ്പന്റെ ചിത്രം ആൽബർട്ടിന്റെ മനസ്സിൽ തെളിഞ്ഞു. ഞട്ടലോടെ കാതറിൻ നിൽക്കുന്നു. ചെറുമനും ചോമനും കറമ്പനെ തടയാനായുന്നു.

അരയിൽ കെട്ടിയുറപ്പിച്ച ഉറയിൽ നിന്ന് കത്തി ഊരി കറമ്പൻ വീശുന്നു. ആരും അടുത്തേക്ക് വരരുത്. ഞാ കൊല്ലും. എല്ലാരേം കൊല്ലും.

കറമ്പാ നീ കത്തി താഴെയിട്. നിനക്കും കൂടി നല്ലതു വരാനാ ഞങ്ങൾ ഇതൊക്കെ ചെയ്യുന്നത്. അല്ലാതെ നിങ്ങളെ ആരേയും ഞങ്ങൾ ഈ കുമ്മാശനെ പോലെ ചൂഷണം ചെയ്തിട്ടില്ല.

നിങ്ങ മിണ്ടരുത്. ആ ഡേവിഡിനെ കൊന്നപ്പോ.. നിങ്ങടെ ദൈവം കുട്ടി പേടിച്ചു മലയിറങ്ങി യപ്പോ..., എല്ലാം തീർന്നെന്നാ ഞാൻ കരുതിയേ..പിന്നേം മുത്തിയെ വെറുപ്പിക്കാനാണോ നീ ഞങ്ങടെ ഇടയിലേക്ക് വന്നത്...കുമ്മാശ്ശൻ രോക്ഷം കൊള്ളുന്നു. അരയിലെ തുണിസഞ്ചിയിൽ നിന്ന് ഭസ്മം എടുത്ത് എന്തോ കാട്ടുമന്ത്രം ചൊല്ലി കാതറിന്റെ നേരെ വീശുന്നു. നീയും ചാകാമ്പോവാ ചുവന്ന കണ്ണുകൾ പുറത്തേക്ക് തള്ളി കുമ്മാശൻ അലറി.

കാതറിൻ അപ്പോൾ കോപത്തോടെ കുമ്മാശനെ തറപ്പിച്ചു നോക്കി. കുമ്മാശ്ശാ...ഡേവിഡിനെ കൊന്നത് നിങ്ങളാണെങ്കിൽ ഇനിയുള്ള നിന്റെ ജീവിതം ജയിലിലാണ്.

മാതേവനും അപ്പോൾ ചോമന്റേയും ചെറുമന്റേയും കൂടെ കറമ്പന്റെ അരികിലേക്ക് നീങ്ങി. കറമ്പാ, നീ അടങ്ങ്...നിന്നെ നമ്മ്ടെ ദൈവം കുട്ടി എത്രമാത്രം സ്നേഹിച്ചതാണെന്ന് നിനക്ക് അറിയാമോ....നിന്റെ മനം മാറ്റത്തിൽ ഞങ്ങൾ എല്ലാം എത്ര സന്തോഷിച്ചതാണ്. നീ പിന്നേയും കുമ്മശന്റെ കൂടെ കൂടാൻ പാടില്ല കറമ്പാ...

മനം മാറിയെന്നോ....കറമ്പൻ അലറി ചിരിക്കുന്നു. അത് എന്റെ കോലം കെട്ടലല്ലായി രുന്നോ.... അന്ന് ദൈവപ്പൊര കത്തിച്ചപ്പോഴും ഇന്നാളി ഡേവിഡിനെ കൊന്നപ്പോഴും എന്റെ കൈയ്യിൽ ഒണ്ടായിരുന്ന അതേ കത്തിയാ ഇത്. ഇത് ഇനീം കൊല്ലും. എല്ലാരേം കൊല്ലും.

കറമ്പാ...നീയാണോ ഡേവിഡിനെ കൊന്നേ....

മാതേവാ...നീ പോയി ഫോറസ്റ്റ് യജമാമാരേ വിളിച്ചോണ്ടു വാ...ഇന്നു തന്നെ ഇവനെ പോലീസ്കാർ കൊണ്ടു പോകണം. ചോമൻ മാതേവനെ നോക്കി അത്രയും പറയുവാൻ തിരിഞ്ഞ നിമിഷം കറമ്പൻ കത്തി വീശി. ചൊമന്റെ നിലവിളിയും മാതേവന്റെ അലർച്ചയും ഒരുമിച്ചായിരുന്നു. ചോമന്റെ ഇടതു തോളിലാണ് കത്തി തറഞ്ഞു കയറിയത്. കൈയ്യിൽ കിട്ടിയ വടിയും കല്ലുമായി കൂടി നിന്നവർ കറമ്പനെ നേരിട്ടു. കുമ്മാശ്ശൻ അപ്പോഴേകും അയാളുടെ ദണ്ഡുകൊണ്ട് കാതറിനെ അടിച്ചു വീഴ്ത്തി. എല്ലാവരുടേയും ശ്രദ്ധ കറമ്പനിലായ ആ നിമിഷമാണ്, ബോധം നശിച്ച കാതറിനെയും തൂക്കി കുമ്മാശ്ശൻ ഊടുവഴികളിലൂടെ താഴേക്ക് ഓടിയത്. (തുടരും)

കല്ലുകടി

## കുമ്പനാട്ടെല്ലാം ആമാശയപരം

മുമ്പൊക്കെ കുമ്പനാട്ട് ആശയപരമായ വിയോജിപ്പുകളും അതിന്റെ പേരിൽ ചേരി തിരിഞ്ഞുള്ള മത്സരവുമൊക്കെ നടക്കുമായിരുന്നു. ആരോഗ്യപരമായിരുന്നു അതിൽ പലതും. എന്നാൽ കാലം മാറിയപ്പോൾ കഥയും മാറിയിരിക്കുന്നു. കഴിഞ്ഞ ദിവസം ഹെബ്രോൻപുരത്ത് അരങ്ങേറിയതെല്ലാം തൊലിക്കട്ടിയില്ലാത്തവർക്കെല്ലാം ലജ്ജ തോന്നുന്ന സംഭവങ്ങളായിരുന്നു. പരസ്പരം വെല്ലുവിളിച്ച് ഗോദയിൽ പൊരുതാൻ നിൽക്കുന്ന ഫയൽമാൻമാരെപ്പോലെ ഉപദേശിമാരും കുഞ്ഞാടുകളുമെല്ലാം രംഗത്ത് നന്നായി ശോഭിച്ചു. ആരോ വിളിച്ച പോലീസും കളത്തിലെത്തിയപ്പോൾ സംഗതി ജോറായി. ചേരി തിരിഞ്ഞ് ദൈവനാമം മഹത്വപ്പെടുത്താൻ ഇറങ്ങിയവരുടെ ആക്രോശങ്ങൾ കൊണ്ട് ഹെബ്രോൻപുരം മുഖരിതമായി. ഒരിക്കൽ എതിർത്തവർ അനുകൂലിച്ചും അനുകൂലിച്ചിരുന്നവർ എതിർത്തുമൊക്കെ ഗ്രൂപ്പുകൾ ശക്തിപ്രകടനം നടത്തിയപ്പോൾ ആരാണ് ജയിച്ചതെന്ന് അറിയാൻ കാഴ്ചക്കാർക്കായില്ല. ഹെബ്രോൻപുരത്ത് നടക്കുന്നത് പലതും ഒരു ആശയത്തിന്റെയും പേരിലുള്ള കാര്യങ്ങളല്ല. മറിച്ച് അവനവന്റെ ആമാശയം പെരുപ്പിക്കാനുള്ള കളികളുടെ ഭാഗം മാത്രമാണ്. സ്വന്തം വയറിനുവേണ്ടി പോരാടുന്നവരുടെ വിക്രീയകളാണെന്നും കൂടുതൽ അന്നം (പണവും) കൊടുക്കുന്നതിനുവേണ്ടി ഏത് കത്തിവേഷവും കെട്ടുവാൻ തയ്യാറായി നടന്മാർ റെഡിയായിരിക്കുമ്പോൾ ഇതിനപ്പുറമൊന്നും അവിടെ പ്രതീക്ഷിക്കണ്ട. ഓന്തിനു നിറം മാറുന്നതുപോലെ നിറം മാറി വേഷപകർച്ചയോടെ ആടുന്നതിൽ ഏറ്റവും വൈദഗ്ധ്യം കാണിക്കുന്ന വ്യക്തിക്ക് ഓന്ത് ശ്രീ അവാർഡ് നൽകുന്നത് പരിഗണിക്കാമെന്നു തോന്നുന്നു. ഇരുപതു വെള്ളിക്കാശിനുവേണ്ടി യോസഫിനെയും മുപ്പതു വെള്ളിക്കാശിനുവേണ്ടി കർത്താവിനെയും ഒറ്റിക്കൊടുത്തവരുടെ ചരിത്രം നമ്മൾ വായിക്കാറുള്ളതാണ്. ഒരു ഊണിനുവേണ്ടി ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിന്റെ കഥയും നാം വായിക്കാറുണ്ട്. ഹെബ്രോൻപുരത്തും ഒറ്റിക്കൊടുക്കലും വിറ്റുകളയലും ഒക്കെയാണ് ഇപ്പോൾ അരങ്ങേറുന്നത്. അതുകൊണ്ട് തന്നെ ഇത് ഒരു ആശയ സമരമല്ല എല്ലാം ആമാശയപരമാണ്.

**അടുക്കുറിപ്പ്:** ദീപസ്തംഭം മഹാശ്ചര്യം. നമുക്കും കിട്ടണം പണം.

## 01 സ്കൂൾ ഓഫ് ജേർണലിസം......

ക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജെയിംസ് ഉത്ഘാടനം നിർവഹിക്കും. പവർവിഷൻ ടി.വി. ചെയർമാൻ പാസ്റ്റർ കെ.സി.ജോൺ അനുഗ്രഹ പ്രഭാഷണവും മലയാള മനോരമ മുൻ അസി. എഡിറ്റർ പോൾ മണലിൽ മുഖ്യപ്രഭാഷണവും നടത്തും. സുവി. പി.ഐ.എബ്രഹാം(കാനം അച്ചൻ) അനുഗ്രഹ പ്രാർത്ഥന നടത്തും. ഗുഡ് ന്യൂസ് ചീഫ് എഡിറ്റർ സി.വി. മാത്യു ലോഗോ പ്രകാശനം ചെയ്യും.

പെന്തെക്കോസ്ത് മാധ്യമ പ്രവർത്തകരും സഭാ നേതാക്കന്മാരും ആശംസകൾ അറിയിക്കും. പാസ്റ്റർമാരായ സാകുട്ടി മാത്യു, ജെ.ജോസഫ്, ജെയ്സ് പാണ്ടനാട് തുടങ്ങിയവർ നേതൃത്വം നൽകും.

## താലന്തു മത്സരം

**കുമളി:** ചർച്ച് ഓഫ് ഗോഡ് കുമളി ഡിസ്ട്രിക്റ്റ് സണ്ടേസ്കൂൾ താലന്തു മത്സരം കുമളി ദൈവസഭയിൽ വച്ച് നടന്നു. കുമളി ദൈവസഭ ഒന്നാം സ്ഥാനവും കൊച്ചറ ദൈവസഭ 2-ാം സ്ഥാനവും കരസ്ഥമാക്കി.

## 03 വേദപഠനം.....

വരുന്ന പപ്പാ എന്ന ലത്തീൻ പദത്തിൽ നിന്നുമാണ് ഈ വാക്ക് കടന്നു വന്നത്. ആറാം നൂറ്റാണ്ടുമുതൽ ഈ പദം പ്രയോഗത്തിൽ വരുകയും റോമിലെ ബിഷപ്പിനെ ഉദ്ദേശിച്ച് വിളിക്കുവാൻ തുടങ്ങി. പതിനൊന്നാം നൂറ്റാണ്ടിൽ പോപ്പ് ഗ്രിഗറി ഏഴാമൻ ഈ പേര് ഔദ്യോഗിക നാമമായി പ്രഖ്യാപിച്ചു. പാപ്പാധിപത്യം എന്നത് റോമിലെ ബിഷപ്പിന്റെ സ്ഥാനപദവിയായി. (തുടരും...)

ലേഖനം

# യുവതയെ വഴിതെറ്റിക്കുന്ന സിനിമകൾ



ടോംസ് ആന്റണി
Ph : 9447232512

സമസ്തകലകളും, സാഹിത്യവും, സാങ്കേതിക വിദ്യയും സമന്വയിക്കുന്നവയാണ് സിനിമകൾ. ആ മാധ്യമം മറ്റെല്ലാറ്റിനേക്കാളും മനുഷ്യനെ സ്വാധീനിക്കുമെന്നുറപ്പ്. പ്രത്യേകിച്ച് കുട്ടികളെയും യുവജനങ്ങളെയും.

ഈ അടുത്തകാലത്ത് തിയേറ്ററുകൾ അടക്കിവാണ മലയാള സിനിമയാണ് 'പ്രേമം'. സെൻസർ പ്രിന്റ്, വാട്ട്സ് ആപ്പ് ക്ലിപ്പിംഗുകൾ, വ്യാജ ഡി.വി.ഡി.കൾ തുടങ്ങി പല രീതിയിലും ഈ സിനിമയുടെ കോപ്പികൾ യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും കൈകളിലെത്തി. തിമിർത്താടുന്ന മഴയത്തും തിയേറ്ററുകൾ വിദ്യാർത്ഥികളെക്കൊണ്ട് നിറഞ്ഞൊഴുകി. ക്ലാസ്സുകൾ കട്ട് ചെയ്താണ് വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഈ സിനിമകാണാനെത്തിയത്.

മലയാളത്തിലെ ദൃശ്യമാധ്യമങ്ങളും ഈ സിനിമയെക്കുറിച്ച് സജീവമായി ചർച്ച ചെയ്തു. സിനിമയ്ക്ക് തന്നെ ഒരു പുതിയ ട്രെൻഡിന് ഇത് തുടക്കം കുറിച്ചു. യുവജനങ്ങളുടെ മനസ്സറിഞ്ഞുള്ള ചില ചേരുവകൾ ചേർത്താണ് ഈ സിനിമ രൂപപ്പെടുത്തിയെടുക്കാൻ ശ്രീ. അൻവർ റഷീദും, ശ്രീ. അൽഫോൻസ് പുത്രനും ശ്രമിച്ചത്. അതിൽ അവർ പൂർണ്ണമായി വിജയിക്കുകതന്നെ ചെയ്തു.

അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ മുൻ സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ മകൻ ശ്രീ. ശബരീനാഥും ഇലക്ഷൻ പ്രചരണം പൂർത്തിയാക്കിയശേഷം കണ്ട സിനിമ 'പ്രേമം' ആണ്. ആദ്യമായി നിയമസഭയിൽ നടത്തിയ സബ്മിഷനും 'പ്രേമം' എന്ന സിനിമയെക്കുറിച്ചാണ്.

മലയാളത്തിന്റെ യുവമനസ്സിനെ ഇത്രയേറെ സ്വാധീനിച്ച ഒരു സിനിമ അടുത്തകാലത്ത് ഉണ്ടായിട്ടില്ല. നല്ലത് എന്ന് പറഞ്ഞ് കൈയ്യടിച്ചുകൊണ്ടിരിക്കുന്ന ഈ സിനിമ വിതയ്ക്കുന്ന മൂല്യച്യുതിയെന്ത് എന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ഈ സിനിമയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ലേഖകൻ ഇതിനോടകം അഞ്ചുവേദികളിൽ പരാമർശിക്കുകയുണ്ടായി. രണ്ടു വിദ്യാലയങ്ങളിലും, മൂന്നു രക്ഷകർത്തൃ വേദികളിലും. ഒരു വിദ്യാലയത്തിൽ നിന്ന് എന്റെ പ്രസംഗശേഷം ഞാൻ പോകാനൊരുങ്ങുമ്പോൾ മുപ്പതോളം പ്ലസ്ടു വിദ്യാർത്ഥികൾ എന്നെ വളഞ്ഞു. "ഞങ്ങൾ പ്രേമം ഫാൻസുകാരാണ്. ഞങ്ങൾക്കിഷ്ടപ്പെട്ട ആ സിനിമയെ സാർ എന്തിന് ഇത്രയേറെ വിമർശിക്കണം?" കുട്ടികളുടെ പ്രതികരണ തീവ്രതകണ്ട് ഞാൻ അത്ഭുതപ്പെട്ടു.

**മൂന്നു പ്രേമങ്ങൾ**

നായകകഥാപാത്രമായ ജോർജ്ജ് ജീവിതത്തിലെ ഓരോ കാലഘട്ടത്തിലും ഓരോരോ വ്യക്തികളെ പ്രേമിക്കുന്നു. സ്കൂളിൽവെച്ച് മേരി എന്ന പെൺകുട്ടിയുടെ പുറകെ നടന്ന് പ്രേമിക്കുന്നു. കുട്ടികളുടെ ഭാഷയിൽ പറഞ്ഞാൽ ആ പ്രേമം ചീറ്റിപ്പോകുന്നു. പിന്നീട് കോളേജിലെത്തിയപ്പോൾ പഠിപ്പിക്കുന്ന അധ്യാപികയെ പ്രണയിക്കുന്നു. അതും സാഫല്യമണിഞ്ഞില്ല. യൗവ്വനത്തിലെത്തുമ്പോഴുള്ള പ്രേമം സഫലമാകുന്നതോടെ സിനിമയും പര്യവസാനിക്കുന്നു.

സിനിമ മൂന്നു മണിക്കൂറായതു ഭാഗ്യം. പത്തുമണിക്കൂറായിരുന്നെങ്കിൽ പത്ത് പ്രേമമെങ്കിലും ഉണ്ടായേനെ എന്നുതോന്നിപ്പോകും. പ്രേമത്തിന്റെ അനിവാര്യത ഈ ചിത്രം ചൂണ്ടിക്കാട്ടുന്നു. നാം ജനിച്ചതുതന്നെ പെൺകുട്ടികളുടെ പുറകെ പ്രേമിച്ചു നടക്കുവാനാണ് എന്നു തോന്നിപ്പോകും. ഒരെണ്ണം ശരിയായില്ലെങ്കിൽ മറ്റൊന്ന്. അതു ശരിയായില്ലെങ്കിൽ വേറൊന്ന്. ഇങ്ങനെ പ്രേമിച്ചു ജീവിതം തീർക്കുകയാണ് നായകൻ.

**പ്രണയം അദ്ധ്യാപികയോടൊ.... ?**

ഈ സിനിമ നൽകുന്ന ഏറ്റവും അപകടം പിടിച്ച മൂല്യച്യുതി അദ്ധ്യാപികയെ പ്രണയിക്കുന്നു എന്നതാണ്. അതും തന്റെ ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപികയെ; തിരിച്ച് പ്രണയിക്കുന്നതിൽ അദ്ധ്യാപികയ്ക്കും ഒട്ടും മടിയില്ല. "മാതാപിതാ ഗുരു ദൈവം" എന്ന ആർഷഭാരത സംസ്ക്കാരത്തിന്റെ സമ്പന്നതയിലേക്കാണ് ഈ ചിത്രം കരിനിഴൽ വീഴ്ത്തുന്നത്. അദ്ധ്യാപികയെ തനിക്ക് കണ്ട് ആസ്വദിക്കുവാനും, പ്രേമിക്കാനും പോന്ന കേവലം ഉപഭോഗവസ്തുവായി ഈ സിനിമ തരംതാഴ്ത്തുന്നു. എത്ര മ്ലേച്ഛമാണത്. ഈ സിനിമ കാണുന്ന കുട്ടികൾക്ക് അദ്ധ്യാപകരോടുള്ള സമീപനത്തിൽ മോശമായ താത്പര്യം തോന്നിയാൽ അത്ഭുതപ്പെടാനില്ല.

മൂന്നു പ്രണയങ്ങളിൽ ഏറ്റവും ഇഷ്ടപ്പെടേണ്ടത് എന്ന് സോഷ്യൽ മീഡിയാകളിൽ പ്രചരിച്ച ചോദ്യത്തിന് ഒറ്റ ഉത്തരമായിരുന്നു ആയിരങ്ങളുടെ മറുപടി. അദ്ധ്യാപികയായ മലരിനോടുള്ള പ്രണയം. ഇന്ന് ഭൂരിഭാഗം കുട്ടികളുടെയും അധരങ്ങളിൽ "മലരേ നിന്നെ കാണാതിരുന്നാൽ" എന്ന ഗാനമുണ്ട്.

**മദ്യം, ചീട്ടുകളി**

നായകനെയും കൂട്ടുകാരേയും ഈ സിനിമയിൽ കാണിക്കുമ്പോഴൊക്കെ ഒന്നുകിൽ അവർ മദ്യപിക്കുകയോ, ചീട്ടുകളിക്കുകയോ, കഞ്ചാവ് വലിക്കുകയോ ആയിരിക്കും. ഒരു സീനിൽ നീലചിത്രം ഒന്നിച്ചിരുന്ന് കാണുകയാണ്. യുവജനങ്ങളെ ഏറെ ആകർഷിച്ച സിനിമ എന്ന നിലയിൽ അവർക്കിഷ്ടപ്പെട്ട നായകൻ (നിവിൻ പോളി) മദ്യപിക്കുകയും, കഞ്ചാവ് വലിക്കുകയും, ചീട്ടുകളിക്കുകയും, നീലച്ചിത്രം കാണുകയും ചെയ്യുമ്പോൾ തീർച്ചയായും യുവജനങ്ങൾ ഇതിലേയ്ക്ക് ആകർഷിക്കപ്പെടുക സ്വാഭാവികം.

ഒരു സീനിൽ ക്ലാസ്സിൽ ഇരുന്നാണ് നായകനും കൂട്ടരും മദ്യപിക്കുന്നത്. നായകൻ പ്രണയിക്കുന്ന അദ്ധ്യാപിക അവരെ ക്ലാസ്സിൽ നിന്ന് ഇറക്കിവിടുന്നുണ്ട്. മദ്യപിക്കുകയും മറ്റ് സാമൂഹ്യതിന്മകളിലേർപ്പെടുകയും ചെയ്യുന്ന യുവജനങ്ങളാണ് യഥാർത്ഥ ഹീറോകൾ എന്ന് ഈ ചിത്രം അവതരിപ്പിക്കുന്നു. അവരെ പ്രണയിക്കുന്നതിൽ അഭിമാനിക്കുവാനാണ് ഈ ചിത്രം പെൺകുട്ടികൾക്കു നൽകുന്ന സന്ദേശം. ക്ലാസ്സിലിരുന്ന് മദ്യപിക്കുന്ന വിദ്യാർത്ഥിയെ യാതൊരു കൂസലുമില്ലാതെയാണ് അദ്ധ്യാപിക തിരികെ പ്രണയിക്കുന്നത് എന്നതും ആശ്ചര്യജനകം.

ഇതിന്റെ കഥ ആവശ്യപ്പെടുന്ന ഒന്നല്ല മദ്യവും, കഞ്ചാവും, ചീട്ടുകളിയുമൊന്നും. ഇതൊന്നുമില്ലെങ്കിലും ഈ സിനിമ വിജയിച്ചേനെ. പക്ഷെ യുവജനങ്ങളെ വഴിതെറ്റിക്കുന്നതിനായി ബോധപൂർവ്വം ചേടിവച്ച ചിലതാണ് ഇവയൊക്കെ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിനെ സാധൂകരിക്കുന്ന ഒന്നുകൂടി ഈ ചിത്രത്തിലുണ്ട്. ക്ലാസ്സിലിരുന്ന് മദ്യപിച്ചതിന് നായകന്റെ പിതാവിനോട് പ്രിൻസിപ്പാൾ പരാതി പറയുമ്പോൾ നായകന്റെ അച്ഛന്റെ മറുപടി ഈ സിനിമയുടെ സന്ദേശം കൂടിയാണ്. "നിനക്കെന്താ വീട്ടിലിരുന്നോ, ബാറിലിരുന്നോ, മദ്യപിച്ചുകൂടെ... എന്തിനാ ക്ലാസ്സിലിരുന്ന് മദ്യപിക്കുന്നത്" മദ്യത്തെ ബോധപൂർവ്വം പ്രോത്സാഹിപ്പിക്കുന്ന സിനിമയാണ് ഇതെന്ന് ഇതിൽ കൂടുതൽ തെളിവെന്തിന്.

**കോളേജ് ജീവിതം**

നായകന്റെ കോളേജ് ജീവിതം എല്ലാ നിയമ വ്യവസ്ഥയോടുമുള്ള വെല്ലുവിളിയാണ്. ബൈക്കിൽ മൂന്നുപേർ ചേർന്ന് കോളേജിലെത്തുന്നു. കറുത്ത ഷർട്ടും ലുങ്കിയും ധരിച്ച് ക്ലാസ്സിൽ കയറുന്നു. കലാപരിപാടികൾക്കിടെ ഗുണ്ട് പൊട്ടിക്കുന്നു. എതിർക്കുന്ന വ്യക്തികളെ ഇടിച്ച് തരിപ്പണമാക്കുന്നു. ക്ലാസ്സിലിരുന്ന് മദ്യപിക്കുന്നു തുടങ്ങിയവയൊക്കെ ബോധപൂർവ്വമായ ചില ചേടിവയ്ക്കലുകളാണ്. നിയമവാഴ്ചയെ ഇങ്ങനെ വെല്ലുവിളിക്കുന്ന ഈ ചിത്രത്തിന്റെ അണിയറ ശില്പികൾക്ക് വ്യാജ സിഡികൾക്കെതിരെ പ്രതികരിക്കാൻ യോഗ്യതയുണ്ടോ എന്ന് ഓർക്കുന്നത് നന്ന്.

പ്രേമം സിനിമയിൽ കറുത്ത ചൈനാ കോളർ ഷർട്ടും കൈലിയുമുടുത്ത് ക്ലാസ്സിൽ കയറിയ അമ്പതോളം വിദ്യാർത്ഥികളെ തൊടുപുഴയിലെ ഒരു കോളേജിൽ നിന്ന് സസ്പെൻഡ് ചെയ്ത വാർത്തയും നാം വായിച്ചിരിക്കുമല്ലോ. ഈ സിനിമയുടെ സ്വാധീനം എത്രയുണ്ടെന്ന് ഇതിൽ പരം തെളിവെന്തിന്. ?

മലയാള സിനിമയിൽ ചില സംവിധായകരും നടന്മാരും നിർമ്മാതാക്കളും ഇത്തരം മൂല്യച്യുതികൾ സിനിമയിലൂടെ ബോധപൂർവ്വം പ്രചരിപ്പിക്കുന്നുണ്ടെന്ന് ലേഖകൻ സംശയിക്കുന്നു. ഹണീബി എന്ന സിനിമ മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. ഇടുക്കി ഗോൾഡ് കഞ്ചാവിനെയും ട്രിവാൻഡ്രം ലോഡ്ജ് പോലുള്ള സിനിമകൾ ഫ്രീ സെക്സിനെയും പ്രോത്സാഹിപ്പിക്കുന്നവയാണ്. മൂല്യച്യുതിക്കെതിരെ സാമൂഹിക പ്രതിബദ്ധതയുള്ളവർ പ്രതികരിക്കട്ടെ. അല്ലെങ്കിൽ യുവതലമുറയുടെ മൂല്യബോധം തകർന്നില്ലാതാവും.

## ഐ.പി.സി ഈസ്റ്റേൺ റീജിയൻ സിൽവർ ജൂബിലി കൺവൻഷൻ

**ഉമ്മൻ എബനേസർ, തുമ്പമൺ**

**ന്യൂയോർക്ക്:** ഐ.പി.സി ഈസ്റ്റേൺ റീജിയന്റെ 25-ാമത് വാർഷിക കൺവൻഷൻ വളരെ വിപുലമായ പരിപാടികളോടെ ന്യൂയോർക്കിൽ വച്ച് നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ഒക്ടോബർ 9-ന് വെള്ളിയാഴ്ച വൈകിട്ട് ആരംഭിക്കുന്ന വാർഷികസമ്മേളനം 11-ന് ഞായറാഴ്ച പകൽ നടക്കും. സംയുക്ത ആരാധനയോടു കൂടി സമാപിക്കും. ന്യൂയോർക്കിലുള്ള വിസ്കാഡി സെന്ററിലാണ് (2011 U.Willets Road, Albert Son, N.Y.11507) ഈ വർഷത്തെ ജൂബിലി കൺവൻഷൻ സമ്മേളിക്കുന്നത്. ഒക്ടോബർ 9-ന് വെള്ളിയാഴ്ചയും 10-ന് ശനിയാഴ്ചയും വൈകിട്ടും മീറ്റിംഗുകൾ 7 മണിക്ക് ആരംഭിക്കും. ഞായറാഴ്ച നടക്കുന്ന സംയുക്താരാധന രാവിലെ 9 മണിക്ക് ആരംഭിക്കുന്നത്. ഈ വർഷം സിൽവർ ജൂബിലി വർഷമായതിനാൽ ഒക്ടോബർ 10-ന് ശനിയാഴ്ച പകൽ 10 മണിക്ക് സിൽവർ ജൂബിലി സമ്മേളനം നടക്കും. വിപുലമായ പ്രോഗ്രാമുകളാണ് ഈ വർഷം സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്.

മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേ മീറ്റിംഗുകൾ ക്രമീകരിച്ചിട്ടുണ്ട്. മലയാളം മീറ്റിംഗുകൾ ഇൻഡ്യയിൽ നിന്ന് കടന്നു വരുന്ന പാസ്റ്റർ കെ.ജെ.തോമസ്(കുമളി) വചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. യുവജനങ്ങളുടെയും കുട്ടികളുടെയും മീറ്റിംഗുകളിൽ പാസ്റ്റർ ജെയ്സൺ കോശി വചനപ്രഘോഷണം നടത്തും. യുവജനങ്ങളുടെ ഇടയിൽ ഇക്കാലങ്ങളിൽ ദൈവം ശക്തമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അനുഗ്രഹിത യുവജന പ്രഭാഷകനാണ് പാസ്റ്റർ ജെയ്സൺ യുവജന മീറ്റിംഗുകളിൽ ബ്രദർ മനോജ് ഉമ്മന്റെ നേതൃത്വത്തിലുള്ള ഇംഗ്ലീഷ് ക്വയർ ഗാനങ്ങൾ ആലപിക്കും. മലയാളം മീറ്റിംഗുകളിൽ റീജിയൻ ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. റീജിയൻ സണ്ടേസ്കൂൾ സമ്മേളനം ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് നടക്കും. റീജിയന10-ന് ഉച്ചകഴിഞ്ഞ് നടക്കുന്നതാണ്.

സിൽവർ ജൂബിലി കൺവൻഷനായതു കൊണ്ട് ഏകദേശം 3000-ത്തോളം പേർ പങ്കെടുക്കുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. മാസച്ചുറ്റസ് മുതൽ മേരിലാന്റ് വരെയുള്ള സംസ്ഥാനങ്ങൾ ഉൾപ്പെട്ടതാണ് ഐ.പി.സി ഈസ്റ്റേമ് റീജിയൻ.

## നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ കൺവൻഷൻ അനുഗ്രഹസമാപ്തി



കർത്തൃമേശ ശുശ്രൂഷയ്ക്ക് പാസ്റ്റർ കെ. സി. ജോൺ നേതൃത്വം നൽകുന്നു

**ഫ്ളോറിഡ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയന്റെ 15-ംമത് വാർഷിക കൺവൻഷന് അനുഗ്രഹ സമാപ്തി. സെപ്റ്റംബർ 4 മുതൽ 6 വരെ സെന്റർ ഫ്ളോറിഡയിലെ ഐപിസി ലേക്ക്ലാന്റ് ചർച്ചിൽ നടന്ന കൺവൻഷൻ റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ. സി. ജോൺ (ഫ്ളോറിഡ) ഉദ്ഘാടനം നിർവ്വഹിച്ചു. വിവിധ ഭാഗങ്ങളിൽ നിന്ന് നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു. രാത്രിയോഗങ്ങളിൽ പാസ്റ്റർ ഷമീർ കൊല്ലം മുഖ്യപ്രസംഗകനായിരുന്നു. ശനിയാഴ്ച പകൽ നടന്ന സഹോദരിമാരുടെ സമ്മേളനത്തിൽ സിസ്റ്റർ സൂസൻ ജോർജും (ബോസ്റ്റൺ), പിവൈപിഎ-സണ്ടേസ്കൂൾ സമ്മേളനത്തിൽ പാസ്റ്റർ എബി പീറ്ററും (കോട്ടയം) പ്രസംഗിച്ചു. ഞായറാഴ്ച നടന്ന സംയുക്താരാധനയിൽ പാസ്റ്റേഴ്സ് ജേക്കബ് മാത്യു, വി.പി.ജോസ്, സാം നൈനാൻ, റോയി ദാനിയേൽ എന്നിവർ വചനം ശുശ്രൂഷിച്ചു. റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ.സി.ജോൺ കർതൃമേശയ്ക്ക് നേതൃത്വം നൽകി. മലയാളം ആരാധനയ്ക്ക് വെറിൽ തോമസ് പാമ്പാടിയും ഇംഗ്ലീഷ് ആരാധനയ്ക്ക് ഫിന്നി ജേക്കബും നേതൃത്വം നൽകി. പാസ്റ്റർ ജോയി എബ്രഹാം, പാസ്റ്റർ എ.സി.ഉമ്മൻ എന്നിവർ വിവിധ സെക്ഷനുകളിൽ അദ്ധ്യക്ഷത വഹിച്ചു. ജോയിന്റ് സെക്രട്ടറി രാജൻ ആര്യപ്പള്ളിൽ സ്വാഗതവും ട്രഷറാർ സ്റ്റീഫൻ ചാക്കോ നന്ദിയും പറഞ്ഞു. സെക്രട്ടറി പാസ്റ്റർ മോറീസ് സാംസൺ റീജിയന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ കുറിച്ച് വിവരിച്ചു. പതിനഞ്ച് വർഷത്തെ പ്രവർത്തനങ്ങളുടെ സ്മരണിക പ്രകാശനം ചെയ്തു കൊണ്ട് ഗുഡ്ന്യൂസ് ചീഫ് എഡിറ്റർ സി.വി.മാത്യൂസ് സംസാരിച്ചു.

## ഡോ. കോര സംസാരിക്കുന്നു



1. അക്ഷരവൈരികളായ ചിലരുടെ വാഹനത്തിൽ പ്രസ് എന്ന സ്റ്റിക്കർ ഒട്ടിച്ചതായി കാണാം. ഇവരെ എന്താണ് വിളിക്കേണ്ടത്?

– ഉണ്ണി, കറുകച്ചാൽ

*കാച്ചിൽ കൃഷ്ണപിള്ള*

2. ഫയർവിംഗ്സ് എന്നാൽ എന്താണ്? – ലിന്റാ പീറ്റർ, പായിപ്പാട്

*ചിറകിന് തീപിടിച്ച് നടന്ന ഇവർ ഇപ്പോൾ എവിടെയൊക്കയാണ് തീപിടിച്ചത് എന്നറിയാതെ നെട്ടോട്ടമോടുകയാണ്. ചുരുക്കത്തിൽ ഇവർ തീ കൊണ്ട് കളിക്കുന്നവരാണ്.*

3. കുമ്പനാട് ഹെബ്രോൻപുരത്ത് പോലീസെത്തിയത് കോര അറിഞ്ഞില്ലേ – എബി കുമ്പനാട്

*ഇപ്പോഴത്തെ പോക്ക് കണ്ടിട്ട് അന്തിക്രിസ്തു വന്നാലും അത്ഭുതപ്പെടേണ്ടതില്ല.*

## സുവനീർ പ്രകാശനം



ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ സ്മരണിക പ്രകാശനം ഗുഡ്ന്യൂസ് ചീഫ് എഡിറ്റർ സി. വി. മാത്യു നിർവ്വഹിക്കുന്നു

## ബിലീവേഴ്സ് ജേണൽ

### പരസ്യ നിരക്കുകൾ

| | |
|---|---|
| 1 Page Colour | -Rs. 16000/- |
| 1 Page Black & White | -Rs. 10000/- |
| Half (1/2) Page Colour | - Rs. 8000/- |
| Half (1/2) Page Black & White | - Rs. 5000/- |
| Quarter (1/4) Page Colour | - Rs. 4500/- |
| Quarter (1/4) Page Black & White | - Rs. 3000/- |
| **Minimum Charge** | |
| Colour | - Rs. 1000/- |
| Black & White | - Rs. 750/- |
| **Matrimonial** | |
| 1 issue | - Rs. 500/- |
| 2 Issue | - Rs.700/- |
| **Subscription** | |
| 1 Year | - Rs. 150/- |
| Life Member | - Rs. 1500/- |

MANAGER
BELIEVERS JOURNAL
Kandomkeril Buildings
Kumbanad P.O.,
Thiruvalla
Pin: 689 457

*Email*
beljourn@gmail.com

*Please Visit Us*
Website:
www.beljourn.com

## പാസ്റ്റർ സന്തോഷ് തോമസ് ബിലീവേഴ്സ് ജേണൽ ഗുജറാത്ത് സ്റ്റേറ്റ് കോർഡിനേറ്റർ



പാസ്റ്റർ സന്തോഷ് തോമസ് ബിലീവേഴ്സ് ജേണൽ ഗുജറാത്ത് സ്റ്റേറ്റ് കോർഡിനേറ്ററായി നിയമിതനായി. ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് ഡാംഗ് ഏരിയയുടെ ചുമതല വഹിക്കുന്ന ഇദ്ദേഹത്തിന്റെ നേതൃത്വത്തിൻ കീഴിൽ 48 സഭകളും ബെഥേസ്ദാ ചിൽഡ്രൻസ് ഹോമും ഉണ്ട്. മികച്ച സംഘാടകനും പ്രസംഗകനുമാണ്. ഗുജറാത്തിൽ ബിലീവേഴ്സ് ജേണൽ പ്രതിനിധികളാകുവാനും വാർത്തകളും പരസ്യങ്ങളും വരിസംഖ്യയും നൽകുവാനും താൽപ്പര്യമുള്ളവർക്ക് ഇദ്ദേഹവുമായി ബന്ധപ്പെടാവുന്നതാണ്.

**PR. SANTHOSH THOMAS**
**204, Everest Apt; Samarvani P.O.,**
**Silvassa - D. N. H**
**Pin: 396 230**
**Ph: 09427154244, 09737874244**
**Email: santhoshsilvassa@gmail.com**




ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ്
**സ്കൂൾ ഓഫ് ജേർണലിസം**
ഡിപ്ലോമ ഇൻ ക്രിസ്ത്യൻ ജേർണലിസം (DCJ) കോഴ്സിലേക്ക്
ഒക്ടോബർ 5 മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നു
പ്രഗത്ഭരായ ജേർണലിസ്റ്റുകൾ ക്ലാസുകൾ എടുക്കുന്നു
മികച്ച അക്കാദമിക് നിലവാരം,
ഫീൽഡ് വർക്കിനും സ്റ്റഡി ടൂറിനും അവസരം
നിങ്ങൾക്കും പത്രപ്രവർത്തകരാകാൻ ഇതാ ഒരു സുവർണ്ണാവസരം
കാലാവധി മൂന്ന് മാസം
യോഗ്യത SSLC/ PLUS 2
കൂടുതൽ വിവരങ്ങൾക്ക്:
ജനറൽ സെക്രട്ടറി
ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇന്ത്യ
C/o ബിലീവേഴ്സ് ജേണൽ
കണ്ടങ്കേരിൽ ബിൽഡിംഗ്, കുമ്പനാട് പി. ഒ. , തിരുവല്ല - 689 457
Email: beljourn@gmail.com/ jaisepandanad@gmail.com
9847340246, 9447455820, 9447368795

കഥ

# നിയോഗം

ജെ. പുഷ്കരൻ, കാക്കനാട്
9447329777




**ഞാ**യറാഴ്ച......വിശുദ്ധ കർത്തൃദിവസം,

പുതിയതായി ചാർജെടുത്ത ദൈവദാസൻ സ്തോത്രസ്വരം ഉതിർത്തു കൊണ്ടിരിക്കെ അത്യാധുനിക വിദേശ-സ്വദേശ നിർമ്മിത കാറുകൾ ഹാളിന്റെ മുറ്റത്ത് ഒഴുകി എത്തിക്കൊണ്ടിരുന്നു. പട്ടുസാരിയിൽ പൊതിഞ്ഞ കൊച്ചമ്മമാരും വിദേശനിർമ്മിത സുഗന്ധങ്ങളുടെ അകമ്പടിയോടെ അച്ചായന്മാരും ആരാധനയ്ക്ക് എത്തി തുടങ്ങി. അൻപതിലധികം കാറുകൾ പാർക്ക് ചെയ്യാവുന്ന വിശാലമായ മുറ്റത്ത് പകുതി സ്ഥലം ഇനിയും ബാക്കിയാണ്. നഗരത്തിന്റെ ഒച്ചയും ബഹളവുമൊന്നും എത്താത്തത്ര ദൂരത്തിലാണ് ശാന്ത സുന്ദരമായ സ്ഥലത്തെ സഭാഹാളും അതിനു മുകളിലെ പാഴ്സനേജും.

വെള്ളിയാഴ്ച എത്തിയതാണ് പാസ്റ്റർ എങ്കിലും സ്വീകരിക്കാൻ വാച്ച്മാനായ വർക്കിച്ചേട്ടനല്ലാതെ ആരും ഉണ്ടായിരുന്നില്ല. പതിനഞ്ചു വർഷമായി വിദേശത്തു ജോലി ചെയ്തു, ദൈവമില്ലാത്തവനായി ജീവിച്ചിരുന്ന ആ നാല്പതുകാരനെ ദൈവം സന്ദർശിക്കുകയായിരുന്നു. വിദേശ കമ്പനിയിലുണ്ടായിരുന്ന ഭീമമായ ശമ്പളവും ആഢംബര വസതിയും സൗജന്യ വാഹനവും ഒക്കെ ഉപേക്ഷിച്ച് മൂന്ന് വർഷം ദൈവവചനം പഠിക്കാനായി വടക്കേ ഇൻഡ്യയിലേക്കയച്ച ശേഷം പ്രത്യേക ദൈവിക നിയോഗം പ്രാപിച്ചശേഷമായിരുന്നു സഭാചാർജ് സ്വീകരിക്കാൻ സന്നദ്ധനായത്. പലരും പിന്തിരിപ്പിക്കാൻ ശ്രമിച്ചു എങ്കിലും 'ഞാൻ നിന്നോടുകൂടെ ഇരിക്കും' എന്ന ദൈവശബ്ദത്തിൽ ആഴമായി വിശ്വസിച്ച് വന്നതാണ്.

ശനിയാഴ്ച ഹാളിനുള്ളിൽ ചില ക്രമീകരണങ്ങൾ വരുത്തിക്കൊണ്ടിരുന്നപ്പോൾ വർഷങ്ങളായി അവിടെ ജോലി നോക്കുന്ന വർക്കിച്ചേട്ടൻ ചില മുന്നറിയിപ്പുകൾ നൽകിക്കൊണ്ടിരുന്നെങ്കിലും പാസ്റ്റർ അതൊന്നും തന്നെ ഗൗരവമായി എടുത്തതേയില്ല. സഭാ പാസ്റ്ററുടെ ഇരിപ്പിടത്തിനു പിന്നിലും ഇരുവശങ്ങളിലുമായി ഇട്ടിരുന്ന പതിനഞ്ചിലധികം കസേരകൾ. സെറ്റികൾ, ഈസി ചെയറുകൾ എന്നിവ അഭംഗി വരാത്താവിധം ഹാളിന്റെ പിമ്പിലുള്ള ചാരുബഞ്ചുകൾക്ക് മുമ്പിലായി നിരത്തിയിട്ടു. പുൽപ്പിറ്റിനടുത്തായി ക്രമീകരിച്ചിരുന്ന ക്വയറിന്റെ സജ്ജീകരണങ്ങൾ അവിടെ നിന്ന് നീക്കം ചെയ്തു മറ്റൊരു വശത്താക്കി. അങ്ങനെ അധികമായി ലഭിച്ച സ്ഥലത്തെല്ലാം ഭംഗിയുള്ള പ്ലാസ്റ്റിക്ക് പായകൾ വിരിച്ചു.

''ഇപ്പോൾ എങ്ങനെയുണ്ട് വർക്കിച്ചേട്ടാ". സംതൃപ്തിയോടെ പാസ്റ്റർ വാച്ച്മാന്റെ മുഖത്തേക്കു നോക്കി.

പാസ്റ്റർ മാറ്റിയിട്ട ആ ഓരോ കസേരക്കും പ്രത്യേക ഉടമസ്ഥന്മാരുണ്ടെന്നറിയാമോ? എത്രയോ വർഷമായി അവർ ആ സ്ഥാനത്ത് അതേ കസേരയിൽ മാത്രമേ ഇരിക്കാറുള്ളൂ.... നാളെ അവരൊക്കെ വരുമ്പോൾ എന്താകുമെന്നോർക്കുമ്പോ പേടിയാവുന്നു..."

"അതിനെന്താ അതേ കസേരയിൽ തന്നെ അവർക്ക് ഇരിക്കാമല്ലോ. എത്ര ഭംഗിയായിട്ടാണ് ഞാനത് ചെയ്തിട്ടുള്ളത്...."

"പാസ്റ്റർക്ക് ഇവിടത്തെ കാര്യങ്ങൾ ശരിക്കറിയാഞ്ഞിട്ടാ... പാസ്റ്ററുടെ സീറ്റിന്റെ പിന്നിലും ഇടത്തും വലത്തും കിടന്ന ആ കസേരകൾ മൂന്നു ഗ്രൂപ്പുകാർ പതിവായി ഇരിക്കാറുള്ളതാ... ഇപ്പോ എല്ലാം കൂട്ടിക്കുഴച്ചാണല്ലോ ഇട്ടിരിക്കുന്നത്. അവരാരും അതിൽ ഇരിക്കുമെന്ന് എനിക്കു തോന്നുന്നില്ല. ഇനിയിപ്പോ എന്തൊക്കെയാണാവോ സംഭവിക്കാൻ പോണത്....."

"വർക്കിച്ചേട്ടൻ ധൈര്യമായിരുന്നോളൂ. അരുതാത്തത് ഒന്നും ഇവിടെ സംഭവിക്കത്തില്ല. തമ്പുരാൻ അനുവദിക്കത്തില്ല". പാസ്റ്ററുടെ മുഖത്തു കണ്ട പ്രത്യാശയുടെ തിളക്കം വർക്കിച്ചേട്ടൻ ശ്രദ്ധിച്ചു.

സ്തോത്രം ചെയ്തുകൊണ്ടിരുന്ന പാസ്റ്റർ പ്രാർത്ഥിച്ച് യോഗം ആരംഭിക്കുന്നതിനു മുന്നോടിയായി ദൈവജനത്തെ വീക്ഷിച്ചപ്പോൾ എന്തോ ഒരു പന്തികേടുള്ളതു പോലെ തോന്നി. ഇരിക്കുന്നവരേക്കാൾ കൂടുതൽ പേർ വാതിൽക്കൽ കൂട്ടംകൂടി നിൽക്കുന്നു.... പലരും അടക്കിപ്പിടിച്ച് സംസാരിക്കുന്നുമുണ്ട്. വിസ്മയം പൂണ്ട മുഖങ്ങൾ. അവർ വ്യത്യാസങ്ങൾ ഉൾക്കൊള്ളാനാവാതെ, ഏതോ അത്ഭുതക്കാഴ്ച കണ്ടവരെപ്പോലെ വിറങ്ങലിച്ചു നിൽക്കയാണ് വെളിയിൽ.

പ്രാർത്ഥിച്ച് പാസ്റ്റർ വിശുദ്ധ ആരാധന യോഗത്തിന് തുടക്കം കുറിച്ചു. ഒരു പഴയ സ്തോത്രഗീതത്തിന് തുടക്കമിട്ട് ഏവരോടും അകത്തു വന്ന് ചേർന്നു പാടാൻ ആഹ്വാനവും നൽകി. ചിലർ ചേർന്നുപാടി കുറച്ചുപേർ അകത്തു കയറി ചാരുബഞ്ചുകളിൽ സ്ഥാനം പിടിച്ചു. ഇതിനകം മൂന്നു കുറിപ്പുകൾ പാസ്റ്ററുടെ കൈയിൽ കുഞ്ഞുങ്ങൾ കൊണ്ടുപോയി കൊടുത്തു. എന്നാൽ അത് ഒന്നു പോലും തുറന്നു നോക്കാതെ പാസ്റ്റർ പാട്ടിലും ആരാധനയിലും മുഴുകി.

തുടർന്ന് സഭായോഗത്തിന്റെ അനുഗ്രഹത്തിനായി രണ്ടുപേർ പ്രാർത്ഥിക്കാൻ പാസ്റ്റർ ആഹ്വാനം നൽകിയപ്പോൾ സഹികെട്ട മൂന്നു ഗ്രൂപ്പു നേതാക്കളും പുൽപ്പിറ്റിലേക്ക് പാസ്റ്ററെ ലക്ഷ്യം വെച്ചു നടന്നടുത്തു. അടുത്തെത്തും മുമ്പ് പാസ്റ്റർ കൈകൊണ്ട് പിന്നിലേക്കു പോകാൻ ആംഗ്യം കാണിക്കുകയും ശക്തമായ അന്യഭാഷാ ഭാഷണത്താൽ നിറയുകയും ചെയ്തു. എന്തൊരു ആജ്ഞാശക്തി.... ഷോക്കേറ്റവരെ പോലെ ഒരടിപോലും മുന്നോട്ടു വെക്കാനാവാതെ വിഷണ്ണരായി പിന്തിരിഞ്ഞ മൂവരും അടിയേറ്റവരെ പോലെ ഞെളിപിരി കൊണ്ടു. മുഖം ചുവന്നു തുടുത്തു. വിശ്വാസികളിൽ പലരും തങ്ങളെ ശ്രദ്ധിക്കുന്നു എന്നവർ കണ്ടു. ഇത്തരത്തിൽ ഒരു ധിക്കാരം ഇതിനു മുമ്പ് വന്നിട്ടുള്ള പ്രഗത്ഭന്മാർ പോലും ചെയ്യാൻ തയ്യാറായിട്ടില്ല. അവർ കോപം കൊണ്ട് വിറച്ചു. ആട്ടെ.... ചെറുപ്പത്തിന്റെ അഹങ്കാരമായിരിക്കും.... മര്യാദ പഠിപ്പിക്കുവാൻ അവസരങ്ങളുണ്ടല്ലോ.... സാക്ഷ്യത്തിന്റെ സമയം ഒന്നു വന്നോട്ടെ... എങ്ങും ഇരിക്കാതെ മൂന്നു സ്ഥാനങ്ങളിൽ അവർ നിലയുറപ്പിച്ചു.

പതിവിൽ നിന്നും വ്യത്യസ്തമായി സങ്കീർത്തന വായനയ്ക്കു പകരം യാക്കോബിന്റെ ലേഖനത്തിൽ നിന്നാണ് പാസ്റ്റർ ഒരു ലഘുസന്ദേശം നൽകിയത്. കണ്ണു തുറപ്പിക്കുന്ന ദൂതുകളുള്ള പ്രസംഗം സാക്ഷ്യത്തിന്റെ സമയം ആയപ്പോൾ പാസ്റ്റർ എഴുന്നേറ്റു:

"കഴിഞ്ഞ സഭായോഗത്തിനു ശേഷം നിങ്ങളുടെ ആരുടെയെങ്കിലും ജീവിതത്തിൽ പ്രാർത്ഥന കേട്ട് ദൈവം എന്തെങ്കിലും അത്ഭുതം ചെയ്തു എന്നു വ്യക്തമായ ഉറപ്പുള്ള ആരെങ്കിലും ഉണ്ടെങ്കിൽ ദയവായി കരം ഉയർത്തിയാട്ടെ......."

കരങ്ങൾ ഒന്നും ഉയർന്നില്ല.

"ഈ ഏഴു ദിവസത്തിനടയിൽ മറ്റുള്ളവരോട് സുവിശേഷം പറയുകയോ സാക്ഷ്യം പ്രസ്താവിക്കയോ ലഘുലേഖകൾ വിതരണം ചെയ്തവരോ ഉണ്ടെങ്കിൽ കരം ഉയർത്താമല്ലോ..."

ഇതിനു പ്രതികരണമൊന്നും കണ്ടില്ല.

"ഈ സഭയിലെ എല്ലാ വിശ്വാസികളോടും ദൈവത്തോടും നല്ല മനഃസാക്ഷി സൂക്ഷിക്കുകയും അവർക്കായി ദിനമ്പ്രതി പ്രാർത്ഥിക്കുകയും കരുതുകയും ചെയ്തു എന്നുറപ്പുള്ളവർ മാത്രം എഴുന്നേറ്റ് നിന്നാട്ടെ" പാസ്റ്റർ സമയം നൽകിയിട്ടും ആരും എഴുന്നേറ്റില്ല.

"എനിക്ക് ഇനിയും ചില കാര്യങ്ങൾ കൂടി ചോദിക്കാനുണ്ടെങ്കിലും ഇന്ന് ഇതു മതി. ഇക്കാരണത്താൽ ഇന്ന് സഭായോഗത്തിൽ സാക്ഷ്യം പറയുവാൻ അർഹതയുള്ളവരായി ആരെയും ഞാൻ കാണുന്നില്ല. അതിനാൽ ഈ സഭായോഗത്തിൽ ഇന്ന് സാക്ഷ്യം പറച്ചിൽ ഉണ്ടായിരിക്കുന്നതല്ല.

സഭയിലാകെ നിശ്ശബ്ദത.....

നേതാക്കന്മാർ മൂന്നു പേരും അടുത്തുകൂടി.... അവർ കണ്ണിൽക്കണ്ണിൽ നോക്കി. വർഷങ്ങൾക്കു ശേഷമാണ് തങ്ങൾ അന്യോന്യം മുഖത്തു നോക്കുന്നതെന്ന കാര്യം തന്നെ അവർ മറന്നിരുന്നു. അതിലൊരാൾ പല്ലിറുമ്മുന്ന ശബ്ദം നിശ്ശബ്ദതയെ ഭഞ്ജിച്ചു പുറത്തു കേട്ടു.. "ങഹാ.... വരട്ടെ...പ്രബോധനത്തിന്റെ സമയമല്ലേ വരാൻ പോകുന്നത്.... നിനക്കുള്ള 'ഡോസ്' ഇപ്പം തരാം... അവർ മൂവരും ഗൂഢമായി ഹൃദയത്തിൽ ചിരിച്ചു കൊണ്ട് പ്രബോധന കാലത്തിനായി കുത്തുവാക്യങ്ങൾ മനസ്സിൽ പരതി.

പാസ്റ്റർ തുടർന്നു:

"ഓരോ സഭായോഗത്തിലും സംബന്ധിക്കുന്നവർക്കു വേണ്ടി കർത്താവ് എനിക്ക് വ്യക്തമായ സന്ദേശങ്ങൾ നൽകാറുണ്ട്. അതിനാൽ എല്ലാ സഭായോഗങ്ങളിലും കർത്താവ് ഏല്പിക്കുന്ന ദൂതുകൾ ഞാൻ തന്നെയായിരിക്കും സഭായോഗത്തിൽ സംസാരിക്കുക. ഇവിടെ പ്രസംഗിക്കാനും പ്രബോധിപ്പിക്കാനും പ്രാപ്തിയുള്ള എല്ലാ സഹോദരന്മാർക്കും അവർ താല്പര്യപ്പെടുന്നു എങ്കിൽ ബുധനാഴ്ചത്തെയും ശനിയാഴ്ചത്തെയും ഇടയോഗങ്ങളിലും അടുത്ത ആഴ്ച മുതൽ ആരംഭിക്കുന്ന പരസ്യയോഗങ്ങളിലും അവസരങ്ങൾ നൽകുന്നതാണ്. നമ്മുടെ ക്വയറിന്റെ സേവനവും പരസ്യയോഗങ്ങളിൽ നമുക്കു പ്രയോജനപ്പെടുത്താവുന്നതാണ്.

കാര്യങ്ങൾ കൈവിട്ടു പോകയാണല്ലോ എന്നു മനസ്സിലാക്കിയ ഗ്രൂപ്പുനേതാക്കൾ പതിയെ ഹാൾ വിട്ടു പുറത്തിറങ്ങി. അവർ വർഷങ്ങൾക്കു ശേഷം അടുത്തു കൂടി... അതിൽ പ്രായമേറിയ ആൾ പറഞ്ഞു

"കേട്ടില്ലേ അവന്റെ ധിക്കാരം... വന്ന ആഴ്ച തന്നെ ഇങ്ങനെ ആയാൽ പിന്നീടെന്താവും സ്ഥിതി...? ഇത് സമ്മതിക്കാൻ ആവില്ല..."

"എത്രപേരെ ഒതുക്കിയവനാ ഞാൻ... പിന്നെയാണോ ഈ... യോഗം തീരട്ടെ... കാണിച്ചുകൊടുക്കാം.... അവന്റെ ഒരു തീക്ഷ്ണത പ്ഫൂ... "അയാൾ കാർക്കിച്ച് തെങ്ങിൻ ചുവട്ടിൽ തുപ്പി. രണ്ടാമൻ അങ്ങനെ അരിശം ഒന്നടക്കി.

മൂന്നാമൻ അടുത്തു ചെന്നു. ബാക്കി രണ്ടുപേരുടെയും കരങ്ങൾ കവർന്നു കൊണ്ട് വികാരാധീനനായി ഒരു വെല്ലുവിളി കൂട്ടി ഉയർത്തി.

"സഹോദരന്മാരെ, നാം ആരും ഇനി ശത്രുക്കളല്ല. നമുക്ക് ഒരു പൊതുശത്രു ഉണ്ടായിരിക്കയാണ്... എന്റെ കൊക്കിൽ ജീവനുണ്ടെങ്കിൽ ഞാനിവനെ ഇവിടെ നിന്നു പറത്തും...

"ങഹും! അഹങ്കാരി... അടുത്തയാഴ്ച അവനെവിടെ സഭായോഗം നടത്തുമെന്ന് ഞാൻ കാണിച്ചു കൊടുക്കാം...." അയാൾ ദേഷ്യം കൊണ്ട് വിറച്ചു. മൂന്ന് പേരുടെയും കൈകൾ വിറച്ചു. അപ്പോൾ വൈദ്യുത ശക്തിപോലെ എന്തോ ഒന്ന് അവരുടെ ശരീരത്തിലൂടെ പാഞ്ഞുപോയി. ആ വിറയൽ കുറെ നേരം നീണ്ടുനിന്നു.

ആകാംക്ഷയുടെ നിമിഷങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു. അപ്പോൾ ആ മൂന്നു പേരും ഒരേ കാര്യം തന്നെ മനസ്സിൽ ചിന്തിക്കുകയായിരുന്നു.... മുപ്പതോളം വർഷങ്ങൾക്കു മുമ്പ് ഒന്നും ഇല്ലാത്തവരായി പട്ടണത്തിൽ വന്നത്... കണ്ടുമുട്ടിയ വിധങ്ങൾ വാടകവീട്ടിൽ സുഖദുഃഖങ്ങൾ പങ്കിട്ട്, തനിയെ പാകം ചെയ്തു പ്രാർത്ഥിച്ച് ഓരോരോ തൊഴിലുകൾ ചെയ്ത ആ ഭൂതകാലം. ഒരു ചലചിത്രത്തിലെന്നവണ്ണം ആ ദൃശ്യങ്ങൾ മൂവരുടെയും മനസ്സിലൂടെ മിന്നി മറഞ്ഞുകൊണ്ടിരുന്നു.

ഓരോരോ സാഹചര്യങ്ങളിലൂടെ ധനം വർദ്ധിച്ചതും സൗകര്യങ്ങൾ ഏറിയതും നിമിത്തം കഴിഞ്ഞ പതിനഞ്ചിലധികം വർഷങ്ങൾക്കുള്ളിൽ തങ്ങൾക്കിടയിലുണ്ടായ അന്തരം വളരെയായിരുന്നു. അന്യോന്യം മിണ്ടാനോ സഹകരിക്കാനോ മനസ്സില്ലാതെ സഭയിൽ അണികളെ വളർത്തി കലഹം സൃഷ്ടിക്കയല്ലായിരുന്നോ... ജീവിതത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിച്ച സമയങ്ങളിൽ ഈ കൈകൾ തരുമായിരുന്ന കൂട്ടായ്മയുടെയും ധൈര്യത്തിന്റെയും ചൂട്, മനസ്സിലൂടെ പാഞ്ഞപ്പോൾ എന്തൊരു കുളിർമ്മയായിരുന്നു.

ചില മിനിട്ടുകൾ അങ്ങനെ കടന്നുപോയി. അവർക്ക് പരിസരബോധം വന്നപ്പോൾ ഓരോരുത്തരും മുഖമുയർത്തി അന്യോന്യം നോക്കി.... മൂവരുടെയും കണ്ണുകൾ നിറഞ്ഞൊഴുകുന്നു അവരുടെ മനസ്സിലെ പകയും വിദ്വേഷവും ഉരുകി ഒഴുകുകയായിരുന്നു. ദിവ്യമായ ഒരു സന്തോഷത്താൽ അവരുടെ മനസ്സ് നിറഞ്ഞു. പിടിച്ചു നിൽക്കാനാവാതെ അവരുടെ നിയന്ത്രണം കർത്താവ് ഏറ്റെടുത്തു. അവർ പരസ്പരം കെട്ടിപ്പിടിക്കുകയും മാറിമാറി വിശുദ്ധചുംബനം ചെയ്തു കൊണ്ടും ഇരുന്നു.

ഇടയ്ക്ക് ആ രംഗം വീക്ഷിച്ച പാസ്റ്റർക്ക് കഴിഞ്ഞ രാത്രി ദൈവം കാണിച്ചു തന്ന ദർശനം കൺമുന്നിൽത്തന്നെ നിറവേറിയതു ബോദ്ധ്യപ്പെട്ടു. അദ്ദേഹം ഒരു അനുതാപകീർത്തനം തുടങ്ങിവെച്ചു. സഭ ഏറ്റുപാടിക്കൊണ്ടിരിക്കെ പാസ്റ്റർ സഭാ ഹാളിന്റെ മുറ്റത്തേക്കിറങ്ങി. അല്പസമയം കഴിഞ്ഞ് നിറകണ്ണുകളോടെ നാലുപേരും പുൽപ്പിറ്റിനരികിലേക്കു നടന്നു. പാട്ടു കഴിഞ്ഞപ്പോഴേക്കും സഭായോഗത്തിൽ ദൈവാത്മാവിന്റെ ശക്തമമായ കാറ്റു വീശി. തേങ്ങലുകൾ, കരച്ചിലുകൾ, ഏറ്റുപറച്ചിൽ, വിശുദ്ധചുംബന വർഷം.... പരസ്പരം പോരടിച്ചിരുന്നവരെല്ലാം ഒന്നായിത്തീർന്ന് സ്വർഗ്ഗീയ ആരാധന. മണിക്കൂറുകൾ കടന്നു പോയത് ആരും ശ്രദ്ധിച്ചതേയില്ല.

കൊച്ചുപദേശിയുടെ ആദ്യ സഭായോഗത്തിൽ സാക്ഷ്യവും പ്രബോധനവും പ്രസംഗവും ഇല്ലായിരുന്നു. കാതടപ്പിക്കുന്ന, ത്രസിപ്പിക്കുന്ന പാശ്ചാത്യസംഗീതത്തിന്റെ താളമേളക്കൊഴുപ്പില്ലാതിരുന്നിട്ടും കണ്ണീരിന്റെ ഉപ്പും നനവുമുള്ള സ്തോത്രസ്വരങ്ങൾ അവിടെ സ്വർഗ്ഗീയ ചൈതന്യവും സുഗന്ധവും പരത്തിക്കൊണ്ടിരുന്നു.

ധ്യാനം

# പാമ്പ് തുറക്കുന്ന കണ്ണുകൾ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

നിലത്തെ പൊടി കുഴച്ചു രൂപപ്പെടുത്തിയ മൺകായ പ്രതിമയിലേക്ക് മഹാദൈവം തന്റെ ജീവശ്വാസം ഊതി അവനെ ജീവനുള്ള ദേഹിയാക്കി തീർത്തു. ആദ്യ മനുഷ്യന്റെ കണ്ണുകൾ അവിടെ പുറം ലോകത്തേക്ക് തുറക്കപ്പെട്ടപ്പോൾ ആ കണ്ണുകളിലൂടെ അവൻ ആദ്യം കണ്ടത് യഹോവയായ ദൈവത്തെ ആയിരുന്നു. എങ്കിലും “മനുഷ്യനും ഭാര്യയും ഇരുവരും നഗ്നരായിരുന്നു; അവർക്കു നാണം തോന്നിയില്ലാതാനും” എന്നതിന്റെ അടിസ്ഥാനത്തിൽ നഗ്നതയെ വികലതലത്തിൽ കാണുവാൻ കഴിയാത്ത പാപം സംബന്ധിച്ച് അടയപ്പെട്ട കണ്ണുകൾ അവരിൽ ഉണ്ടായിരുന്നു. ദൈവം അവരിൽ തുറന്ന കണ്ണുകളിലൂടെ അവർ കണ്ടത് മുഴുവൻ നന്മ മാത്രമായിരുന്നു. ആ കാഴ്ചകൾ ഒന്നും അവരിൽ പാപ സുഖം ഉളവാക്കിയില്ല. എന്നാൽ പാമ്പിന്റെ പ്രവേശനവും പ്രലോഭനവും അതിനെ തുടർന്നുള്ള അവരുടെ പരാജയവും നിമിത്തം അവരിൽ തുറന്ന കണ്ണുകൾക്ക് കാഴ്ചയായതു പാപ സംബന്ധമായ നഗ്നതയായിരുന്നു!! മുൻപ് അജ്ഞാതമായിരുന്നതിലെക്കുള്ള നിരീക്ഷണമോ വീക്ഷണമോ കണ്ടെത്തലുകളോ ആണ് ഈ കണ്ണു തുറക്കൽ പ്രക്രിയയിലൂടെ സംഭവിച്ചത്. അനുചിതമായ പ്രവർത്തികളിലൂടെ അസ്വസ്ഥമായ മനസ്സിന്റെ ചിന്തകളാണ് പിശാചു തുറന്ന കണ്ണുകളിലൂടെ നഗ്നതയായി അവർ കണ്ടത്. പാപ സംബന്ധമായ അപരിചിതത്വത്തിന്റെ നാൾ വഴികളിൽ ഇന്ദ്രിയ വിഷയമായ ആസക്തികൾ അന്യമായിരുന്ന പ്രതലത്തിൽ നിന്നും, പ്രതിയോഗി തുറന്ന കണ്ണുകളിലൂടെ ഏദനു പുറത്തുള്ള പാപ വാഴ്ചകളുടെ സ്വാധീനതയിലേക്ക് അവർ വലിച്ചെറിയപ്പെട്ടു!! പിശാചു തുറക്കുന്ന കണ്ണുകൾക്കും അതിലൂടെ ലഭ്യമാകുന്ന അറിവുകൾക്കും പിന്നിൽ എപ്പോഴും ദുരന്തകാരണമാകുന്ന അപകടങ്ങൾ ഉണ്ടാകും എന്നത് ആദ്യ മനുഷ്യരിലൂടെ തന്നെ ദൈവം ലോകത്തിനു കൈമാറിയ ഗൗരവമേറിയ സന്ദേശമാണ്. നിഷ്കന്മഷ യുഗത്തിൽ നിന്നും മനസാക്ഷി യുഗത്തിലേക്ക് മാനവ സമൂഹത്തെ പ്രവേശിപ്പിച്ച പാമ്പിന്റെ കണ്ണുതുറക്കൽ പ്രക്രിയ!!

അറിവുകളുടെ മായാപ്രപഞ്ചമൊരുക്കി അതിലേക്ക് ജാലകങ്ങൾ തുറന്നിട്ടുകൊണ്ട് ദൈവസാന്നിധ്യമെന്ന ഏദനിൽ വാഴുന്ന മനുഷ്യരെ അവിടെ നിന്നും പുറത്തിറക്കാൻ അത്യദ്ധ്വാനം ചെയ്യുന്ന സാത്താന്യ കുതന്ത്രങ്ങളുടെ പ്രലോഭനമാണ് “കണ്ണ് തുറക്കും” എന്ന പ്രസ്താവന. പുതിയതൊന്നു പരീക്ഷിക്കാനുള്ള പ്രവണത എല്ലാ കാലത്തും മനുഷ്യനിൽ കാണുവാൻ കഴിയും. എന്നാൽ അതിനായി നാം ചുവടുകൾ വയ്ക്കുമ്പോൾ അതിന്റെ ഗുണ-ദോഷ വശങ്ങൾ നമ്മെ എങ്ങനെ സ്വാധീനിക്കും എന്ന് കൂടി നാം അറിയേണം. പെട്ടന്നൊരു ദിനം “ഉയരാൻ ഒരു വഴി” (ദൈവത്തെ പോലെ ആകും) എന്ന പുതിയ അറിവുമായി സാത്താന്റെ പ്രവേശനം!! വിലക്കിയ കനി തിന്നു കണ്ണ് തുറപ്പിക്കാനുള്ള പ്രലോഭനം!! പുതിയ അറിവിന്റെ മൂന്നാം തലത്തിലേക്ക് അവരെ പ്രവേശിപ്പിച്ചു എങ്കിലും അത് വിതച്ചത് മനുഷ്യ ചരിത്രത്തിൽ വൻ ദുരന്തമായിരുന്നു. ദൈവവചനം വിലക്കിയതിലേക്ക് നമ്മെ നയിക്കുന്ന എല്ലാ അറിവുകളും സാത്താന്യമാണ് എന്നതിൽ തർക്കമില്ല.

പിശാചു തുറന്ന കണ്ണുകളിലൂടെ നയമാന്റെ രഥം കണ്ട ഗേഹസി അതിന്റെ പിന്നാലെ അതിശീഘ്രം ഓടുമ്പോൾ ദൈവാത്മാവിന്റെ തുറന്ന കണ്ണുകളിലൂടെ ഏലീശ കാര്യങ്ങൾ എല്ലാം കണ്ടുകൊണ്ടിരുന്നു. “ഗേഹസിയെ, നീ എവിടെപോയിരുന്നു” എന്ന ഏലീശയുടെ ചോദ്യം പ്രവാചക ശിഷ്യനെ പരുങ്ങലിലാക്കി!! യേശു തുറന്ന കണ്ണുകളിലൂടെ ശിഷ്യത്വത്തിലേക്ക് പ്രവേശിച്ച യൂദാ, ഒടുവിൽ സാത്താൻ തുറന്ന കണ്ണുകളിലൂടെ ക്രിസ്തുവിനെ കണ്ടപ്പോൾ അവനു വിലയിട്ടത് കേവലം മുപ്പതു വെള്ളിക്കാശുമാത്രം!! ബാബിലോണ്യ മേലങ്കിയും വെള്ളിക്കട്ടികളും മോഹിച്ചു അതിനെ കൈക്കലാക്കാൻ പിശാചു തുറന്ന കണ്ണുകൾ ആഖാൻ എന്ന സ്തുതിക്കാരന് സമ്മാനിച്ചത് ആഖോർ താഴ്‌വരയിലെ കല്ലുകളും അഗ്നിയും!! നിരന്നു നില്കുന്ന നാനൂറു പ്രവാചകന്മാർക്കും(1രാജാ:22) ഒരു പോലെ ആഹാവിനനുകൂലമായി ദൂത് പറയാൻ ഉണ്ടെങ്കിലും അതിന്റെ പിന്നിൽ ഭോഷ്കിന്റെ ആത്മാവ് നല്കുന്ന അറിവുകൾ ആണെന്ന് തിരിച്ചറിയാൻ ദൈവാത്മാവിന്റെ കണ്ണുകളിൽ ദൂത് ദർശിച്ച മിഖായാവിനു മാത്രമേ കഴിഞ്ഞുള്ളൂ. സിദെക്കീയാവിൽ നിന്നും മീഖയാവിന് കിട്ടിയ അടി തന്റെ പ്രവചനത്തിന്റെ വ്യക്തതയ്ക്ക് തെളിവായിരുന്നു!!

ദൈവവചനത്തിനു പുറത്തുള്ള എല്ലാ കാഴ്ചകളിലേക്കും നമ്മുടെ കണ്ണുകളെ തുറക്കുന്നത് പാമ്പിന്റെ കൌശലങ്ങൾ ആയിരിക്കും. അത് ദർശനങ്ങൾ, വെളിപ്പാടുകൾ, പ്രവചനങ്ങൾ, വചന വ്യാഖ്യാനത്തിന്റെ മേഖലകൾ ഇങ്ങനെ എന്തു തന്നെ ആയാലും എല്ലാം വ്യാജ ആത്മാവ് കൊണ്ടുവരുന്ന അറിവുകളിലൂടെ ആയിരിക്കും. ദൈവം അരുളി ചെയ്യാതെ യഹോവയുടെ അരുളപ്പാട് എന്ന് പറഞ്ഞുകൊണ്ട് കർണ്ണ സുഖം വരുത്തുന്ന പ്രവചനങ്ങൾ പറയുന്നെങ്കിൽ, ആ പ്രവചന ദൂത് വെളിപ്പെട്ടത് പാമ്പ് തുറന്ന കണ്ണുകളിലൂടെ ആയിരിക്കും. ക്രിസ്തു എന്ന തലയോളം വളരാമെന്നിരിക്കെ അതിനും മുകളിൽ ദൈവത്തെ പോലെ ആകാനുള്ള തീവ്ര ആത്മീകതയുടെ ആഹ്വാനങ്ങൾ പാമ്പ് തുറന്ന കണ്ണുകളിലൂടെ ആയിരിക്കും. വിശുദ്ധന്മാർ ആവലോടെ കാത്തിരിക്കുന്ന യേശുവിന്റെ രണ്ടാം വരവിനെ മറയാക്കി അതിന്റെ ലക്ഷണങ്ങൾ എന്ന പേരിൽ ചുറ്റുപാടും കാണുന്ന സകലത്തിനും ആത്മീക പരിവേഷം നല്കുകയും തിരുവചനാധിഷ്ഠിതമല്ലാത്ത നിലയിൽ അതിനു നിർവ്വചനങ്ങൾ നല്കി ജനത്തെ തെറ്റിക്കുന്ന പുത്തൻ അറിവുകൾ പിറവിയെടുത്തത് പാമ്പ് തുറന്ന കണ്ണുകളിലൂടെ ആണ്. ശിഷ്യന്മാർ അറിയാൻ താല്പര്യപ്പെട്ടിട്ടു പോലും അവരോട് വരവിന്റെ ലക്ഷണങ്ങൾ പറഞ്ഞതല്ലാതെ, അവരിൽ നിന്നുപോലും മറച്ചുവെച്ച അവിടുത്തെ വരവിന്റെ രഹസ്യ സ്വഭാവത്തിന് സമയം കുറിക്കുന്ന ദർശകന്മാർക്കും പ്രവാചകന്മാർക്കും ഈ അറിവ് വീണുകിട്ടിയത് എവിടെ നിന്ന്?- ഭോഷ്കിന്റെ ആത്മാവ് തുറക്കുന്ന കണ്ണുകളിലൂടെ തന്നെയായിരിക്കും എന്നതിൽ തർക്കമില്ല!! പാമ്പ് തുറക്കുന്ന കണ്ണുകൾ- അതിലെ അപകടങ്ങൾ തിരിച്ചറിയുക!!

വിധിയും വിചാരണയും

# കുമ്പനാട് വീണ്ടും കുഴയുന്നു



രാജൂ ആനിക്കാട്

ഇന്ത്യയിലെ പെന്തെക്കോസ്തിന് ശക്തമായ നേതൃത്വം നൽകിയ സർവ്വാദരണീയരായ നിരവധി പേർ ഇന്നും ദീപ്തമായ സ്മരണയായി നമ്മുടെയൊക്കെ മനസ്സിൽ ഉണ്ട്. ഇന്നിന്റെ ആർഭാടങ്ങളൊന്നും ഈ പ്രസ്ഥാനത്തിൽ എത്താതിരുന്ന ആ പഴയകാലത്ത് പെന്തെക്കോസ്ത് ആദർശങ്ങളെ ജനങ്ങളിൽ എത്തിച്ച് ഇതിനൊരു മുഖം ഉണ്ടാക്കിക്കൊടുത്ത ആ നല്ല നേതൃത്വത്തെ അവരുടെ സേവനങ്ങളെ ഓർത്തുപോകുന്നത് ഇന്നത്തെ പെന്തെക്കോസ്ത് നേതൃത്വത്തിന്റെ അപക്വമായ പെരുമാറ്റങ്ങൾ കാണുമ്പോഴാണ്.

ഇക്കഴിഞ്ഞ ആഴ്ചകളിൽ കുമ്പനാട് സഭാ ആസ്ഥാനത്ത് നേതാക്കന്മാർ നടത്തിയ അവിവേകങ്ങളെക്കുറിച്ച് ഇതിനോടകം പൊതുജനം അറിഞ്ഞിരുന്നു. പെന്തെക്കോസ്തിന്റെ സ്വന്തം എന്നു പറയാവുന്ന ഈ നേതാക്കന്മാർ എല്ലാവരുംകൂടി ഈ പ്രസ്ഥാനത്തിന്റെ അന്തകന്മാരാകുന്നത് ഏറെക്കുറെ നാം കാണേണ്ടിവരും എന്നാണ് തോന്നുന്നത്. ഒരു ആത്മീയ നേതാവിനെയും ജനം പ്രതീക്ഷിക്കുന്ന പലതും ഉണ്ട്. അതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ഇതിന്റെ ആത്മീയ പരിസരങ്ങളെ എപ്പോഴും പരിപാവനമായി നിലനിർത്തുവാൻ അവർ നേതൃത്വം കൊടുക്കേണം എന്നതാണ്. സഭ ഇന്നു നേരിടുന്ന ഏറ്റവും വലിയ വിഷയം സ്ഥാവരജംഗമവസ്തുക്കളുടെ ദൗർലഭ്യമല്ല. അതൊക്കെ കാലോചിതമായി ഉണ്ടാകേണ്ടതു തന്നെയാണ്. എന്നാൽ സകല ആത്മീകമൂല്യങ്ങളും അവഗണിച്ചുകൊണ്ട് വസ്തുക്കളും കെട്ടിടങ്ങളും സ്വരൂപിക്കുവാനും ചമയ്ക്കുവാനുമുള്ള ഒരുതരം ആക്രാന്തത്തിനിടയിൽ നമുക്ക് നഷ്ടപ്പെടുന്നത് വിലപ്പെട്ട ആത്മീക ദർശനമാണ്. നേതാക്കന്മാർ അണികൾക്ക് ദർശനം കൊടുക്കേണ്ടവരാണ്. എന്നാൽ അതിനുപകരം നമ്മുടെ സഭാ ആസ്ഥാനങ്ങളിൽ നടക്കുന്നത് എന്താണ്?

പെന്തെക്കോസ്ത് പ്രസ്ഥാനം ന്യൂജന്മാരിൽ നിന്നും കടുത്ത ദുരുപദേശ ഭീഷണി നേരിടുന്ന കാലമാണിത്. പുതിയ തലമുറയെ ആർഭാടങ്ങളിൽ പൊതിഞ്ഞ ആത്മീകതയിലേക്ക് വശീകരിക്കുന്ന പുതിയ ‘ബാധകൾ’ അഞ്ചൽ ഭാഗത്തു നിന്നും കെട്ടഴിച്ചുവിടുന്ന സമയത്ത് ഉപദേശ സംരക്ഷണത്തിനു വേണ്ടി പണ്ഡിതോചിതമായി പ്രതികരിക്കേണ്ടവർ കുമ്പനാട് കൂട്ടയടിക്കുള്ള കളമൊരുക്കുന്നത് ലജ്ജാവഹം തന്നെ.

നമ്മുടെ നേതാക്കന്മാർക്ക് സ്വന്തം കസേര എന്നതിനപ്പുറത്ത് ഈ മഹത്തായ പ്രസ്ഥാനത്തിന്റെ ആത്മീക സംരക്ഷണത്തിനുവേണ്ടി ഒരു ചെറുവിരൽ അനക്കാൻ സന്മനസ്സില്ലെന്നത് കൈയാങ്കളിയുടെ വക്കിലെത്തുന്ന ഈവിധ കാര്യങ്ങൾക്കൊണ്ട് പുറത്തുവന്നിരിക്കുകയാണ്. ഐഡിയോളജിയുടെ സംരക്ഷണത്തെക്കാൾ ഇമേജോളജിയുടെ പ്രേതബാധയാണ് പല പ്രമുഖനേതാക്കൾക്കും. പെന്തെക്കോസ്തിനെ രക്ഷിക്കാനെന്നവണ്ണം അവതരിക്കുന്ന ഓരോ പണ്ഡിതമ്മന്യന്മാരും ഇതിന് ശവക്കുഴിതോണ്ടുന്ന ശുശ്രൂഷയ്ക്കാണ് നേതൃത്വം കൊടുക്കുന്നത്.

പെന്തെക്കോസ്ത് പ്രസ്ഥാനം അധഃപതിക്കുന്നതിന്റെ കാരണം സമകാലിക നേതൃത്വത്തെ നോക്കിയാൽ വ്യക്തമാണ്. ജീവിതസാക്ഷ്യം നഷ്ടപ്പെടുത്തി ആത്മീക ഭിക്ഷാംദേഹികളായി കുമ്പനാടും പരിസരങ്ങളിലും വട്ടം കറങ്ങി ജീവിതം പച്ചപിടിപ്പിക്കുകയും ഒരു പറ്റം ഉപഗ്രഹങ്ങൾ സകല ആത്മീക കാര്യങ്ങൾക്കും നേതൃത്വം കൊടുക്കാൻ രംഗത്ത് വന്നതോടെ നമ്മുടെ തകർച്ച ആരംഭിച്ചുകഴിഞ്ഞു. കോടതിയോ പോലീസിനെയോ ഭയം ഇല്ലാത്ത ഇക്കൂട്ടരെ നിലയ്ക്ക് നിർത്താൻ ആർക്കാകും? ഇത്തരക്കാരെ ഭരണസിരാകേന്ദ്രങ്ങളെ നിയന്ത്രിക്കാനുള്ള അനുവാദം നൽകി കയറ് ഊരിവിടുമ്പോൾ ആത്മീകൻ എന്നു നടിക്കുന്ന പലരുടെയും മുഖംമൂടി പൊളിയുകയാണ്. ഏതായാലും ഈ സ്ഥിതിയിൽ പോയാൽ കുമ്പനാട്ട് കാര്യങ്ങൾ കൂടുതൽ കുഴച്ചിലിലേക്കായിരിക്കും. കുറുംന്തോട്ടിക്ക് വാതം വന്നാൽ, വേലി തന്നെ വിളവുതിന്നാൽ, മറുമരുന്ന് എന്താണ്?

ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭ ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരാണ്. ആ ജനാധിപത്യത്തിന്റെ ശക്തി കഴിഞ്ഞ കാലഘട്ടം തന്നെ ആളുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അധികാര ഗർവും ധാർഷ്ട്യവും പ്രയോഗിച്ചവരെയൊക്കെ പാഠം പഠിപ്പിച്ച പാരമ്പര്യം ഐ. പി. സി.ക്കുണ്ട്. ഇന്നത്തെ നേതാക്കന്മാരും ഈ പ്രസ്ഥാനത്തിന്റെ മഹത്വം തിരിച്ചറിയാതെ പ്രവർത്തിച്ച അനുഭവം ഇതുതന്നെയായിരിക്കും. അടുക്കളയിൽ ആലോചിച്ച് അരങ്ങത്ത് കാര്യങ്ങൾ നടപ്പിലാക്കിയ കാലഘട്ടം അവസാനിച്ചുവെന്ന് ഇനിയെങ്കിലും അറിഞ്ഞാൽ കൊള്ളാം. അതുകൊണ്ട് ഏതാനും സമ്പന്നന്മാരുടെ സദ്യ ഉണ്ടിട്ട് അവർ പറയുന്നത് അനുസരിച്ച് എന്നും പ്രസ്ഥാനത്തെ മുമ്പോട്ട് കൊണ്ടുപോകാം എന്ന വ്യാമോഹം നടപ്പിലാകാൻ പോകുന്നില്ല. ജനം എല്ലാ പ്രാർത്ഥനാവീരന്മാരുടെയും പരിപാടികൾ തിരിച്ചറിഞ്ഞിട്ടുണ്ട്.



കാലികം

# യേശുവിൻ സ്നേഹത്തിലെ ആഴവും അന്തഃസത്തയും



സജി നെടുങ്കണ്ടം
9495669391

ദൈവീക സ്വഭാവം ഒരുവനിൽ നിറഞ്ഞുകാണുന്നത് തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കാൻ തുനിയുമ്പോഴാണ്. സ്വാർത്ഥത നിറഞ്ഞ മനുഷ്യൻ ജീവിത സായാഹ്ന വേളകളിൽ സൂത്രശാലിയായി മാറുന്നു. മറ്റുള്ളവരെ ചൂഷണം ചെയ്യാൻ മനുഷ്യർക്ക് മടിയില്ല. മറ്റുള്ളവരുടെ നന്മകൾ പിടിച്ചടക്കാൻ മടികൂടാതെ മിനക്കെട്ട് നടക്കുന്നവരായി നമ്മുടെ സമൂഹം മാറ്റപ്പെട്ടു. അധ്വാന ശീലം മനുഷ്യനിൽ കുറയുകയും, ജീവിതം കരുപ്പിടിപ്പിക്കുവാൻ അടവുനയങ്ങളിലൂടെ അശ്രാന്ത പരിശ്രമം നടത്തുന്നവരായി പുതുതലമുറ മാറിയിരിക്കുന്നു. ഗ്രാമീണ ജീവിതം ഇഷ്ടപ്പെടാത്ത ഒരു സാമൂഹിക ജീവിയായി മനുഷ്യൻ മാറ്റപ്പെട്ടു. പട്ടണജീവിതം ഇഷ്ടപ്പെടുന്ന ഇന്നത്തെ സമൂഹം പരസ്പര സ്നേഹവും സാഹോദര്യവും നേരത്തെ മറന്നുകഴിഞ്ഞു. ഉന്നത ജോലിയും ശ്രേഷ്ഠഭാവിയും പ്രതീക്ഷിക്കുന്ന പുത്തൻ തലമുറ പുസ്തകം പഠിക്കാൻ കണ്ടെത്തുന്ന വിദ്യാലയത്തിനുമുണ്ട് പ്രത്യേകത. പണക്കാരന്റെ മക്കൾക്കുമാത്രം കയറിചെല്ലാവുന്ന വെടിപ്പും വൃത്തിയും ഈ പാഠശാലയുടെ ഗുണവിശേഷങ്ങളിൽ ഒന്നാണ്. അണിഞ്ഞൊരുങ്ങിയ കുരുന്നുകൾ കുട്ടിക്കുപ്പായം ധരിച്ച് പാലും ബിസ്ക്കറ്റും പൊതിഞ്ഞെടുത്ത് വീട്ടുപടിക്കൽ നിന്ന് വിദ്യാലയത്തിലേയ്ക്ക് വണ്ടി കയറുന്നു. ഇംഗ്ലീഷ് മാത്രം ഉയർന്നു കേൾക്കുന്ന സ്കൂളിന്റെ നാലുകെട്ടിനുള്ളിൽ കുരുന്നുകൾ നാലുമണിയായാൽ സ്കൂൾബസിൽ തന്നെ വീട്ടിലേക്കും തിരിക്കുന്നു. സ്കൂളും പിന്നെ വീടും ഇതുമാത്രമാണ് ആ കുഞ്ഞുങ്ങളുടെ സാമൂഹ്യ പഠനം. പഴമക്കാർ പഠിച്ച വിദ്യാലയവും ആ നാളുകളും ഇനി തിരിച്ചു വരാത്ത നിലയിൽ തടയപ്പെട്ടിരിക്കുന്നു. ഇടവഴിയും വയൽവരമ്പും താണ്ടി തൊടിയിലെ തേൻമാവിന് കല്ലെറിഞ്ഞും, ചവർപ്പ് ഊറുന്ന പറങ്കി മാമ്പഴം പാതിവിളഞ്ഞത് പറിച്ച് കഴിച്ചും നടന്ന ആ കാലങ്ങൾ ഓർമ്മകൾ മാത്രം. ദീർഘദൂരം നടന്നുള്ള അന്നത്തെ പഠനം വിദ്യാർത്ഥികൾക്ക് അറിവും ആരോഗ്യവും ഒന്നിച്ച് സമ്മാനിച്ചിരുന്നു. വിരുതൻ കൊഴി എറിഞ്ഞു വീഴ്ത്തിയ മൂവാണ്ടൻ മാങ്ങ കല്ലുകൊണ്ട് ഇടിച്ച് പൊട്ടിച്ച് മാവിൻചുവട്ടിൽ തന്നെ വീതിച്ച് സാഹോദര്യം ഊട്ടി ഉറപ്പിച്ചിരുന്ന നാളുകൾ പട്ടണവാസികളായ പുത്തൻ തലമുറയ്ക്ക് പരിചിതമല്ല. വികസിപ്പിച്ച് എടുത്ത പൂച്ചെടികൾ വിലകൊടുത്തു വാങ്ങി ചുറ്റുമതിൽ തീർത്ത മുറ്റത്ത് പ്ലാസ്റ്റിക് കവറിൽ വിരിയിച്ചതു മാത്രമാണ് ഇന്നത്തെ കുട്ടികൾ എന്നും കാണുന്നത്. ഗ്രാമാന്തരീക്ഷവും ഇടവഴിയും താണ്ടി ദീർഘദൂരം പുസ്തകവുമായി സഞ്ചരിച്ചിരുന്ന പഴമക്കാരുടെ പരിചയം മതിൽകെട്ടിനുള്ളിലെ പൂച്ചെടികളെക്കുറിച്ച് മാത്രമായിരുന്നില്ല. തൊടിയിൽ വിരിഞ്ഞ തുമ്പയും തുളസിയും മുക്കുറ്റിയും കൊങ്ങിണിപ്പൂവും കാക്കപൂവും പൂമരവും പൂവാൻകുറിഞ്ഞിലും അവർക്ക് ഏറെ പരിചിതമത്രെ. അന്ന് വിദ്യാലയങ്ങളിലേയ്ക്ക് യാത്രചെയ്യാൻ ഇടവഴിയും മൺപാതകളും തിരഞ്ഞെടുത്തപ്പോൾ ഒത്തിരികാഴ്ച്ചകളും കണ്ടെത്തലുകളും ആ യാത്രയിൽ ദൃശ്യമായി. ചേറ് അണിഞ്ഞവർ പാടത്ത് പണിയുന്നതും ഉഴുതുമറിക്കുന്ന കാളയും കലപ്പയും, മരം മുറിക്കുന്നവരും, ചുമട് ചുമക്കുന്നവരും, കാളവണ്ടിയും സൈക്കിളുംഅങ്ങനെ എന്തെല്ലാം കാഴ്ചകൾ. അതെല്ലാം പരസ്പ്പരബന്ധത്തിനും സ്നേഹത്തിനും പുത്തൻ അറിവിലേയ്ക്കും അവരെ നയിച്ചു.

പുത്തൻ സംവിധാനങ്ങൾ എല്ലാം തന്നെ ആധുനിക മനുഷ്യന് പരസ്പരം അകലാനുള്ളതായിട്ടാണ് മനസിലാക്കാൻ കഴിയുക. സോഷ്യലിസം നടപ്പിൽ വരുത്തിയിരുന്ന പ്രൈവറ്റ് ബസിന്റെ ഉള്ളിലെ കമ്പിയിൽ തൂങ്ങിനിൽക്കുന്നവർപോലും അവരുടെ യാത്രയിൽ സെൽഫോണിൽ സംസാരിക്കുന്നു. ഇയർഫോണിൽ പാട്ടുകേൾക്കുന്നത് ഒരു ഹരമായതിനാൽ അടുത്തിരുന്ന് യാത്ര ചെയ്യുന്ന ആളുടെ സ്പർശനം പോലും അറിയുന്നില്ല. ബഹുഭൂരിപക്ഷം ആളുകളും സ്വന്തം വാഹനത്തിൽ യാത്രചെയ്യുന്നതിനാൽ നാടിന്റെ ഗന്ധമോ ബന്ധമോ അവർക്ക് ഒരു നാളും ലഭിക്കുന്നില്ല. കൂകിപ്പായുന്ന തീവണ്ടിയിൽ കൂട്ടത്തോടെ യാത്ര ചെയ്യുന്നവരുടെ രീതിയും ഇതിൽ നിന്ന് വ്യത്യസ്തമല്ല. റ്റാബും ലാപ്റ്റോപ്പും പുറത്തെടുത്ത സമൂഹം ജനറൽ കമ്പാർട്ടുമെന്റിലെ തിക്കിലും തിരക്കിലുംപോലും സ്വകാര്യതയുടെ ലോകത്തിൽ ഏകാന്തത അനുഭവിക്കുന്നു. സ്വാർത്ഥമതികളായി സ്വയം ചുരുങ്ങുന്ന ആധുനിക സംസ്കാരത്തിന് പരസ്പര സ്നേഹവും ബഹുമാനവും പണ്ടെ മറന്നിരിക്കുന്നു. ഇവിടെയാണ് യേശു പഠിപ്പിച്ച സ്നേഹത്തിന്റെ അന്തസത്ത തിരിച്ചറിയേണ്ടത്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ശിഥിലമാകുന്ന കുടുംബബന്ധങ്ങളും തകർന്നുടയുന്ന പുത്തൻസംസ്കാരവും എല്ലാം പുകൾപെറ്റതാണെന്ന് വിലയിരുത്തുന്ന ആധുനിക സംസ്കാരം. ഇവിടെ നിലനിൽക്കുന്ന ദൈവസ്നേഹത്താൽ ഊടും പാവുംഇട്ട് അകലുന്ന സമൂഹത്തെ ഇഴചേർത്ത് അടുപ്പിക്കുന്നവരായി നാം മാറണം. അണുകുടുംബവ്യവസ്ഥിതിയും ഏകാന്തത ഇഷ്ടപ്പെടുന്ന യുവതലമുറയും യേശു പഠിപ്പിച്ച പാഠത്തിൽ നിന്നും വിപരീതദിശയിലേയ്ക്ക് സഞ്ചരിക്കുന്നു. സ്നേഹമാകുന്ന ദൈവത്തിന് വീടൊരുക്കാൻ നമ്മുടെ ഹൃദയം വിട്ടു കൊടുക്കണം. സകലദുഷ്ടതയും മൊട്ടിട്ട് വിരിഞ്ഞ് ഫലം കായിക്കുന്ന മലിനമായ ഹൃദയത്തിന് മാറ്റം വരണം. അതിന് പഴയ ഹൃദയം നീക്കണം. പുതിയൊരു ഹൃദയം നമ്മിൽ സൃഷ്ടിക്കണം. അസാധ്യമെന്നു തോന്നുന്ന ഈ ചിന്തയെ ആത്മീയദൃഷ്ടിയിൽ വീക്ഷിച്ചാൽ യേശുവിൽ ജനിച്ചും യേശുവിൽ ജീവിച്ചും ആ പുത്തൻ ഹൃദയം സ്വന്തമാക്കാം. മനുഷ്യഹൃദയം കൊടുംപാപത്താൽ മൂടിയതാണെങ്കിൽ യേശുവിന്റെ രക്തത്താൽ അവയെ കഴുകി തുടയ്ക്കാം. പുത്തൻ ഹൃദയത്തിന് ഉടമകൾ പുത്തൻ ചിന്തയ്ക്ക് ഉടമകളാകും. ഉത്കൃഷ്ടമായ ആത്മീയജീവിതം നമ്മെ സമൂഹത്തിൽ ഉന്നതരും യോഗ്യരുമാക്കി മാറ്റും. ആത്മീയ നിലവാരത്തിന്റെ ആഴത്തിൽ നിന്നും നമ്മിലേയ്ക്ക് പകരുന്ന ദൈവീക സ്നേഹം ഒരിക്കലും ഉതിർന്ന് പോകുകയില്ല.



MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 18
BELIEVERS JOURNAL
PUBLISHED ON 28/09/2015
BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Posted at RMS Thiruvalla
Annual Sub. ₹ 150
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# മശിഹയുടെ വരവ് സമീപമായിരിക്കുന്നു



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

യേശുക്രിസ്തുവിന്റെ രണ്ടാം വരവ് എന്നത് വിശ്വാസിയുടെ ഏറ്റവും വലിയ പ്രത്യാശയാണ്. വചനത്തിലെ വാഗ്ദത്തങ്ങൾ എല്ലാം നിറവേറ്റും എന്ന പ്രത്യാശയാണ് ഒരു ക്രിസ്തീയ വിശ്വാസിയെ ക്രിസ്തുവിന്റെ രണ്ടാം വരവിനായി ഉറപ്പിക്കുന്നതിന് ആധാരമായിരിക്കുന്നത്. യേശു ക്രിസ്തുവിന്റെ ആദ്യവരവിൽ പ്രവാചകവര്യന്മാർ പ്രവചിച്ച മശിഹൈക പ്രവചനങ്ങൾ എല്ലാം നിവൃത്തികരിച്ചു. യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, ശുശ്രൂഷ, മരണ പുനരുദ്ധാനങ്ങൾ എന്നിവ സംബന്ധമായ അനേക പ്രവചനങ്ങൾ നിറവേറി, എന്നാൽ മശിഹായെപ്പറ്റിയുള്ള പ്രവചനങ്ങളിൽ പലതും ഇനിയും നിറവേറാനുണ്ട്. ക്രിസ്തുവിന്റെ രണ്ടാം വരവിലാണ് ആ പ്രവചനങ്ങൾ നിറവേറുന്നത്. ഇന്നത്തെ ലോകസംഭവങ്ങൾ വിശേഷാൽ മദ്ധ്യപൂർവ്വ ദേശത്ത് സംഭവിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സംഭവങ്ങൾ ആ പ്രവചന നിവൃത്തിയ്ക്കായുള്ള യേശുക്രിസ്തുവിന്റെ മടങ്ങി വരവിനെ പ്രഘോഷിക്കുന്നു. ഇറാന്റെ ആണവായുധ നിർമ്മാണം ഇതിന്റെ വലിയ ഉദാഹരണമാണ്. മശിഹായുടെ മടങ്ങി വരവ് എത്രയും വേഗം സംഭവിക്കുമെന്ന് യഹൂദാ റബ്ബിമാരിലൊരാളായ യൽക്കുത് ശിമോനി പുറത്തിറക്കിയ പത്രക്കുറിപ്പിൽ അദ്ദേഹം സമർത്ഥിക്കുന്നു. അതിന് കാരണമായി അദ്ദേഹം പറയുന്നത് യെശയ്യ പ്രവാചകന്റെയും മറ്റിതര പ്രവാചക പുസ്തകങ്ങളെയും അടിസ്ഥാനപ്പെടുത്തിയാണ്. അദ്ദേഹം പുറത്തിറക്കിയ പത്രക്കുറിപ്പിൽ യഹൂദനെ സംബന്ധിച്ചും ലോകരാഷ്ട്രങ്ങളുടെ ഭാവി സംബന്ധമായും അനേകം കാര്യങ്ങൾ ഉണ്ട്. "നമ്മുടെ മശിഹ പ്രത്യക്ഷപ്പെടുന്നതിനുള്ള സമയം അടുക്കുന്ന നാളിൽ, ലോക രാജ്യങ്ങൾ പരസ്പരം വെല്ലുവിളിക്കുകയും പ്രകോപ്പിക്കുകയും ചെയ്യും. പേർഷ്യൻ രാജാവ് അറബ് രാജ്യങ്ങളെ പ്രകോപ്പിക്കുന്നതിനാൽ അറബ് രാജ്യം അരാമിനോട് ആലോചന ചോദിക്കും. അതിനെ തുടർന്ന് പേർഷ്യൻ രാജാവ് മടങ്ങിപ്പോകുകയും ലോകരാജ്യങ്ങളെ വിശേഷാൽ യിസ്രയേലിനെ നശിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും ചെയ്യും. ഇതു നിമിത്തം ലോകരാജ്യങ്ങൾ അകാരണമായ അങ്കലാപ്പിലാകുകയും അവർ മുഖം കുനിച്ച് ഒരു സ്ത്രീ പ്രസവ വേദനപ്പെടുന്നതു പോലെ വേദനയെടുക്കുകയും ചെയ്യും". ഈ സംഭവം റബ്ബിയുടെ ഭാഷയിൽ ഇറാന്റെ ആണവ നിർമ്മാണത്തെ തുടർന്നുണ്ടായ സംഭവവികാസങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നുത്. ഈ പറയുന്ന രാജ്യങ്ങൾ പേർഷ്യ ഇറാനും, അറബ് രാജ്യം സൗദി അറേബ്യയയും, അരാം സിറിയയും, ഗ്രീസും കൂടാതെ യൂറോപ്യൻ യൂണിയനുമാണെന്ന് റബ്ബി സമർത്ഥിക്കുന്നു. ഇറാന്റെ ആണവായുധ നിർമ്മാണം പ്രധാനമായും ലക്ഷ്യമാക്കുന്നത് യിസ്രയേലിനേയും അമേരിക്കയേയും ആണ്. ഇറാൻ പറയുന്നത് ലോകരാജ്യങ്ങളിൽ ആരും വിശേഷാൽ റഷ്യ പോലും പാശ്ചാത്യ രാജ്യങ്ങൾക്കെതിരെ ആണവായുധം പ്രയോഗിക്കുന്നതിൽ വിമുഖത പ്രകടിപ്പിക്കുന്നതിൽ ഒരു ലോക ഭരണാധികാരിയുടെ വരവിനായി ഞങ്ങൾ ആണവായുധം ഉപയോഗിക്കും എന്നാണ്. ഇന്റർ നാഷണൽ ആറ്റോമിക് എനർജി ഏജൻസി ഇറാന്റെ ആണവായുധ നിർമ്മിതിയെ സ്ഥിതികരിക്കുന്നു. മെസിയാനിസം പ്രകാരം അൽമെഹ്ദി എന്ന അദൃശ്യനായ അവസാനത്തെ ഇമാം ഡോം ഓഫ് ദി റോക്ക് ആസ്ഥാനമാക്കി ലോകത്തെ ഏഴ് വർഷം ഭരിക്കും. ഇറാനിലെ ചൊറൈസൻ പ്രവശ്യയിൽ നിന്ന് കറുത്ത കൊടി പിടിച്ച് മഹതി വരും. അങ്ങനെ യിസ്രയേലിനെ ആസ്ഥാനമാക്കി യഹൂദന്റെ ആലയത്തിൽ ഇരുന്ന് ഭരിക്കുവാൻ എത്തുന്ന ലോകഭരണാധികാരിയെ കണ്ട് ഭയപ്പെടുമെന്നും ഞങ്ങൾ എന്തു ചെയ്യും, എവിടെ നിന്ന് രക്ഷ വരും എന്നും





വിലപിക്കുന്ന യഹൂദരോട് റബ്ബി അവർത്തിച്ച് പറയുന്നു ഭയപ്പെടേണ്ട നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തിരിക്കുന്നു എന്ന്. ഇത് ശരിവെയ്ക്കുന്ന സ്ഥിതിവിശേഷമാണ് ഇന്ന് യിസ്രയേലിൽ ടെമ്പിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടന്നു വരുന്നത്.1987-ൽ പഴയ യരുശലേമിലെ മോറിയ മലയിൽ സ്ഥാപിതമായ ഈ സംഘടന കഴിഞ്ഞ 28 വർഷമായി രാപകലില്ലാതെ അവരുടെ മൂന്നാം ദൈവാലയ നിർമ്മാണത്തിനുള്ള ഗവേഷണത്തിലാണ്. ഇപ്പോൾ അവർ പാപയാഗത്തിനും ശുദ്ധികരണത്തിനും ആവശ്യമായ ചുമന്ന പശുവിനെ ഉദ്പാദിപ്പിച്ചിരിക്കുന്നത് കാണാം. ഏകദേശം 12000 യു എസ് ഡോളർ മുടക്കി സുദീർഘമായ ദിനങ്ങൾ നടത്തിയ ശാസ്ത്രീയ ഗവേഷണങ്ങളുടെ ഫലമായി 2015 ജനുവരിയിൽ അമേരിക്കയിൽ അങ്കസ് പശുവിൽ നിന്നും ചുമന്ന ഡോവിയ കാളയിൽ നിന്നുമായി ഉല്പാദിപ്പിച്ച് എടുത്തതാണ് ചുമന്ന പശുക്കിടാവ്. ഇപ്പോൾ ചുവന്ന പശുക്കിടാങ്ങളെ ഉത്പാദിപ്പിക്കുന്ന ശാസ്ത്രീയ വളർത്തുമൃഗ സംരക്ഷണ കേന്ദ്രം യിസ്രായേലിൽ തുടങ്ങിക്കഴിഞ്ഞു. എഴുപത് ചുമന്ന പശുക്കിടാങ്ങൾ നിലവിൽ അവർ ഇപ്പോൾ വളർത്തുന്നുണ്ട്. ആചാരപരമായ ശുദ്ധികരണത്തിനോ, ശാരീരിക അശുദ്ധിയിൽ നിന്നുള്ള ശുദ്ധികരണത്തിനോ വേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള ചുമന്ന പശുക്കിടാവിന്റെ നിയമം അസാധരണമായ ഒന്നാണ്. ഇതിന്റെ നിറം യാഗരക്തത്തെ സൂചിപ്പിക്കുന്ന ചുമപ്പായിരുന്നു, നിറത്താൽ നീയമിക്കപ്പെട്ട ഏകയാഗവും ഇതായിരുന്നു. ഇത് ടെമ്പിൾ മൗണ്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ മൂന്നാം ദൈവാലയ നിർമ്മാണത്തിന് ഉള്ളതെല്ലാം പൂർത്തികരിക്കപ്പെടുന്നതിന്റെ ഭാഗമാണ്. മൂന്നാം ദൈവാലയം പണിയുന്നത് മഹോപദ്രവ കാലഘട്ടത്തിലാണ്. അതിന് മുന്നമെ സഭ ഇവിടെ നിന്നും എടുത്ത് കൊള്ളപ്പെടും. പുരോഹിത സ്കൂൾ സ്ഥാപിച്ച് അവരെ ലേവ്യ നിയമങ്ങളും യാഗം കഴിക്കേണ്ട വിധങ്ങളും പഠിപ്പിച്ച് ദൈവാലയ ശുശ്രൂഷയ്ക്ക് യോഗ്യരാക്കുന്നു. ലേവ്യ ഗോത്രക്കാരായ 10 പേർ 1,000 ശേക്കൽ ദ്രവ്യം എകദേശം 19,276 രൂപാ കൂലിക്കൊടുത്ത് പുരോഹിത സ്കൂളിൽ ചേർന്നു. എങ്ങനെ ഒരു പുരോഹിതനായിത്തീരാം എന്ന വിഷയത്തെ അധികരിച്ചുള്ള പഠനക്ലാസ്സുകൾ റബ്ബി യോഹഷുവാ ഫ്രെഡ്മാന്റെ നേതൃത്വത്തിൽ പുരോഹിത സ്കൂളിൽ നടക്കുന്നു. നിലവിലുള്ള അവസ്ഥയിൽ 13 പുരോഹിതന്മാരെയാണ് ദൈവാലയ ശുശ്രൂഷകൾക്ക് ആവശ്യം. നിലവിൽ അവർക്ക് മഹാപുരോഹിതനില്ലാത്തതിനാൽ കലർപ്പില്ലാത്ത രക്തത്തിന്റെ ഉടമയായ അഹരോന്യ കുടുംബക്കാരാനായ മഹാപുരോഹിതനെ കണ്ടെത്തുന്നതിനുള്ള ഗവേഷണത്തിലുമാണ് ടെമ്പിൾ മൗണ്ട് ഇൻസ്റ്റിറ്റ്യൂട്ട്. ഏഴ് കവരകളുള്ള നിലവിളക്ക്, കാഴ്ചയപ്പത്തിന്റെ മേശ, യാഗപീഠം, താമ്രതൊട്ടി, ധൂപപീഠം, ധൂപകലശം എന്നിവയും മറ്റ് ദേവാലയ ഉപകരണങ്ങളും പുനർ നിർമ്മിച്ചവയിൽ ഉൾപ്പെടുന്നു. യഹൂദന്റെ ഒന്നാം ദൈവാലയത്തിൽ ഉണ്ടായിരുന്നതും എന്നാൽ രണ്ടാം ദൈവാലയത്തിൽ ഇല്ലാതിരുന്നതും മൂന്നാം ദൈവാലയത്തിൽ ഉണ്ടായിരിക്കേണ്ടതുമായ നീയമപെട്ടകം കണ്ടെത്തിയതായി ടെമ്പിൾ മൗണ്ട് ഇൻസ്റ്റിറ്റ്യൂട്ട് അവകാശപ്പെടുന്നു. മിഡ്രാഷിക് പാരമ്പര്യ പ്രകാരം ബാബിലോണിയ പ്രവാസത്തിന് നാല്പത് വർഷങ്ങൾക്ക് മുമ്പ് യഹൂദ ഭരിച്ചിരുന്ന രാജാവായ യോശിയാവ് നിയമപെട്ടകവും മറ്റ് വിശുദ്ധ ഉപകരണങ്ങളും പുരോഹിതനും പ്രവാചകനുമായിരുന്ന യിരെമ്യാവിന്റെ സഹായത്തോടെ എടുത്ത് ഒളിപ്പിച്ചു എന്ന് പറയപ്പെടുന്നു. പഴയനിയമ പുസ്തകങ്ങളിൽ അതിനെ സംബന്ധമായി യാതൊന്നും പറയുന്നില്ല എങ്കിലും അപ്പോക്രിഫാ ഗ്രന്ഥങ്ങളിലെ പാരമർശം അനുസരിച്ച് ശലോമോൻ രാജാവ് ആലയം പണിയുമ്പോൾ ദൈവീകമായ പരിജ്ഞാനത്താൽ ഇത് ഒരിക്കൽ നശിപ്പിക്കപ്പെടും എന്ന് മനസ്സിലാക്കി വളരെ ഗോപ്യമായ ഒരു അറ വിശുദ്ധ വസ്തുക്കൾ ശത്രുക്കളുടെ കൈവശം അകപ്പെടാതെ ഇരിക്കേണ്ടതിന് നെബോ പർവ്വത്തിൽ നിർമ്മിച്ച് അതിലേക്ക് രഹസ്യമായ ഒരു വാതിലും ആലയത്തിൽ നിന്ന് തീർത്തു എന്നാണ്. അതിനെ സംബന്ധമായി കാലകാലങ്ങളിലുള്ള രാജാക്കന്മാർക്കും മഹാപുരോഹിതനും മാത്രമായിരുന്നു അറിവുണ്ടായിരുന്നത്. ആ സ്ഥലത്താണ് ഇപ്പോൾ ടെമ്പിൾ മൗണ്ട് ഇൻസ്റ്റിറ്റ്യൂട്ട് പര്യവേക്ഷണം നടത്തി പെട്ടകം കണ്ടെത്തിയിരിക്കുന്നത്. 1967-ലെ 6 ദിവസ യുദ്ധത്തിൽ ഇസ്രയേൽ ഈ സ്ഥലം പിടിച്ചെടുത്തു എങ്കിലും ഇന്ന് അവിടം ജോർദാനിൽ ഉള്ള മുസ്ലിം വഖഫ് ബോർഡിന്റെ അധികാര പരിതിയിൽ ആണ്. മഹനീയമായ പരിശുദ്ധസ്ഥലം എന്ന പേരിൽ വിദൂരതയിലുള്ള മോസ്കും (മസ്ജിദ് അൽ അഖ്സ), യഹൂദന്റെ ഒന്നാം ദേവാലയവും രണ്ടാം ദേവാലയവും സ്ഥിതി ചെയ്തിരുന്ന സ്ഥാനത്ത് ഡോം-ഓഫ്-ദി റോക്ക് എന്ന മോസ്ക്കും സ്ഥിതിചെയ്യുന്നതിനാലാണ് ആ പ്രദേശം അവരുടെ അധികാര പരിധിയിൽ നില നിർത്തിയിരിക്കുന്നത്. "ടെമ്പിൾ മൗണ്ട്"-ന്റെ അധികാരം പൂർണ്ണമായും ഇസ്രായേലിനു കീഴിലേക്ക് കൊണ്ട് വരണം എന്നുള്ള വിഷയത്തെ കുറിച്ച് ഇസ്രയേൽ പാർലമെന്റിൽ ചർച്ച നടക്കുകയും അതിനായി ഐക്യരാഷ്ട്ര സഭയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തതായി വാർത്ത പുറത്തുവന്നിരിക്കുന്നു. അമേരിക്കയിൽ ഒബാമ മെഡിക്കൽ കെയറിലൂടെ 666 എന്ന മൃഗത്തിന്റെ സംഖ്യ അടങ്ങുന്ന 18 അക്കമുള്ള ബയോമെട്രിക്ക് ചിപ്പ് 2017-ൽ അമേരിക്കയിൽ നിർബന്ധമാക്കുന്നുതായും പറയുന്നു. അതിനായി അവർ 24 സാറ്റലൈറ്റുകൾ വിക്ഷേപിക്കുകയും നാസയിൽ ഒരു സൂപ്പർ കമ്പ്യൂട്ടറും സ്ഥാപിക്കുകയും ചെയ്തുവെന്നാണ് വാർത്ത. ആ സൂപ്പർ കമ്പ്യൂട്ടറിന്റെ ചുരുക്ക പേര് മൃഗം (BEAST- Battle Engagement Area Simulator and Tracking) എന്നാണ്. ഇതിന്റെ ആരംഭ സംഖ്യ 666-ാണ്. റഷ്യൻ ശാസ്ത്രജ്ഞർ തൊലിക്കടിയിൽ നിക്ഷേപിക്കാവുന്ന ചിപ്പ് കണ്ടു പിടിച്ചു. നിങ്ങൾ തന്നെ ചെയ്യു (DIY-Do It Yourself) എന്തിന് ബുദ്ധിമുട്ടണം എന്ന പേരിൽ

09

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.